# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/173/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 19/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/173/2022 തീയ്യതി: 19/03/2022

## തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി, സിസ്ഡുലാബീവി.എം , ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ആശ ജി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കോസല രാംദാസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി, അമല ദേവ് ,ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്.സി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ജോസഫ് ബിജു.എം | സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീമതി ബീന റ്റി .എസ്സ് | സെക്രട്ടറി | 01-04-2019 | 21-07-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. സുനിത | മെഡിക്കൽ ആഫീസർ ,(പി.എച്ച് .സി.) | 01-04-2019 | 31-03-2020 |
| ഡോ . രാജശേഖരൻ | മെഡിക്കൽ ആഫീസർ ,(ആയുർവേദം ) | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രിയങ്ക വി .എസ് | അസിസ്റ്റന്റ് എഞ്ചിനീയർ ,എൽ.എസ് .ജി.ഡി | 01-04-2019 | 31-03-2020 |
| ശ്രീമതി.നിഷ സോമൻ | കൃഷി ആഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജീന. എ | വി.ഇ.ഒ സർക്കിൾ -1 | 01-04-2019 | 31-03-2020 |
| ശ്രീമതി.ആശ | വി.ഇ.ഒ സർക്കിൾ -2 | 01-04-2019 | 31-03-2020 |
| ശ്രീ. ജയചന്ദ്രൻ | ഹെഡ് മാസ്റ്റർ (യു.പി.എസ് നേമം) | 01-04-2019 | 31-03-2020 |
| ശ്രീമതി. ബീന റ്റി .എസ്സ് | സെക്രട്ടറി | 01-04-2019 | 21-07-2019 |
| ശ്രീ. ജോസഫ് ബിജു.എം | സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീ. ഗോപകുമാർ റ്റി.സി | അസ്സി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. നിഷ വത്സലൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രീതി പി.ആർ. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. അശ്വതി കെ.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: K Sreeja (Deputy Director, On 11-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-2 |
| 3 | തനത് ഫണ്ടിൽ 73,75,429/- രൂപ കളക്ഷനായതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2022) | 1-2-1 |
| 4 | ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കേണ്ടതാണ്.<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2022) | 1-2-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: Sreejith S K (Senior Grade Auditor, On 01-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-4 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Amala Dev (Auditor, On 01-02-2022)<br>Last Updated By: K Sreeja (Deputy Director, On 14-03-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Amala Dev (Auditor, On 01-02-2022)<br>Last Updated By: K Sreeja (Deputy Director, On 14-03-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 01-02-2022)<br>Last Updated By: K Sreeja (Deputy Director, On 14-03-2022) | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: K Sreeja (Deputy Director, On 14-03-2022) | 1-8 |
| 11 | MNREGS പ്രവൃത്തികളിൽ വോയ്ഡ്സ് കുറവു ചെയ്യാതെ തുക നൽകി- 5628/- രൂപ തിരിച്ചടക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: K Sreeja (Deputy Director, On 14-03-2022) | 1-8-1 |
| 12 | MNREGS-റോഡ് നിർമ്മാണത്തിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിൽ തുക അധികം നൽകി- 3,844/-രൂപ തിരിച്ചടക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-8-2 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Sreejith S K (Senior Grade Auditor, On 01-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 19-03-2022) | 1-9 |
| 14 | അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-10 |
| 15 | വീടുകളിലെ സെപ്റ്റിക് ടാങ്ക് പുനരുദ്ധാരണം -കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്<br>Written By: Kosalaramadas.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-11 |

| | | |
|---|---|---|
| 16 | പെൻഷണർമാർക്ക് മരണ ശേഷം പെൻഷൻ അനുവദിച്ചു<br>Written By: Amala Dev (Auditor, On 04-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-12 |
| 17 | സർക്കാർ ജീവനക്കാർ /സർവീസ് പെൻഷണർമാർ/കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി സാമൂഹിക സുരക്ഷിതത്വ പെൻഷൻ കൈപ്പറ്റി<br>Written By: Amala Dev (Auditor, On 04-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-13 |
| 18 | രസീത് പരിശോധന<br>Written By: Asha G R (Senior Grade Auditor, On 15-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-14 |
| 19 | അസിസ്റ്റന്റ് എൻജിനീയർ-പണം പിരിവിലെ അപാകങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 15-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-15 |
| 20 | സാംഖ്യ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 15-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-16 |
| 21 | ഡേഡ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 14-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-16-1 |
| 22 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു<br>Written By: Renjith C (Auditor, On 14-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 19-03-2022) | 1-16-2 |
| 23 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Renjith C (Auditor, On 14-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-16-3 |
| 24 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Amala Dev (Auditor, On 16-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 1-17 |
| 25 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി നികുതി നഷ്ടം<br>Written By: Amala Dev (Auditor, On 16-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-18 |
| 26 | വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 02-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 19-03-2022) | 1-19 |
| 27 | പ്രത്യേക വായ്പ പദ്ധതി വായ്പ തുക പലിശ തിരിച്ചടവ്- തിരിച്ചടച്ച തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല-10,36,952/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-20 |
| 28 | ഐ.കെ.എം വിഹിതം കൈമാറിയത് ക്രമപ്രകാരമല്ല<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-21 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-32,86,841/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 26-12-2021)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-22 |

| | | |
|---|---|---|
| 30 | കിണർ റീചർജ്-ഉത്തരവിന് വിരുദ്ധമായി അധികം തുക നൽകി-3600/- രൂപ തിരിച്ചടക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-23 |
| 31 | ഗുണഭോക്തൃവിഹിതം ഈടാക്കാതെ മുഴുവൻ സബ്സിഡിതുകയും നൽകി-നടപടി ക്രമങ്ങളിൽ അപാകത<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-24 |
| 32 | ഗുണഭോക്തൃവിഹിതമായി ഈടാക്കുന്ന തുകകൾക്ക് രസീത് നൽകുന്നില്ല<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-25 |
| 33 | രേഖകൾ ഹാജരാക്കിയില്ല- 1,03,900/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-26 |
| 34 | അംഗനവാടി പോഷകാഹാര പദ്ധതി- ബില്ലുകളിൽ നിന്നും ടി.ഡി.എസ് ഈടാക്കുന്നില്ല<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-27 |
| 35 | അംഗനവാടികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-28 |
| 36 | ടെൻഡർ/ക്വട്ടേഷൻ നടപടി ഫയലുകൾ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല-2,66,342/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-29 |
| 37 | മരുന്ന് പർച്ചേസിന് നടപടിക്രമങ്ങൾ പാലിച്ചില്ല-17,62,448/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-30 |
| 38 | തെരുവ് നായ നിയന്ത്രണം രേഖകൾ ഹാജരാക്കിയില്ല-2,10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-31 |
| 39 | മരുന്ന് പർച്ചേസിൽ അനുവദനീയമായ Discount ലഭിച്ചില്ല-97,712.53/- രൂപ സ്ഥാപനത്തിന് നഷ്ടം-തുക ഈടാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 02-01-2022)<br>Last Updated By: K Sreeja (Deputy Director, On 19-03-2022) | 1-32 |
| 40 | ജി.എസ്.ടി. കോമ്പൻസേഷൻ -ബില്ലിൽ നിന്നും തുക പിടിച്ചിട്ടില്ല.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 14-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-33 |
| 41 | ടെണ്ടർ കുറവ് വരുത്തിയിട്ടില്ല- നഷ്ടതുക ഓഡിറ്റ് നിർദ്ദേശപ്രകാരം തിരിച്ചടച്ചു.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 14-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-34 |
| 42 | നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Sindhulabeevi.V.M (Audit Officer (HG), On 14-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 19-03-2022) | 1-35 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 19-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: K Sreeja (Deputy Director, On 17-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: K Sreeja (Deputy Director, On 17-03-2022) | 4-3 |
| 4 | വായ്പാ തിരിച്ചടവ്<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: K Sreeja (Deputy Director, On 17-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: K Sreeja (Deputy Director, On 17-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: K Sreeja (Deputy Director, On 17-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 4-7 |
| 8 | ചാർജ് സർജാർജ് നടപടികളുടെ വിവരം<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sreejith S K (Senior Grade Auditor, On 01-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 18-03-2022) | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

(എ) ബജറ്റ് അംഗീകാരം

ഭരണസമിതിയുടെ 26.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 32,38,85,852/-രൂപയും പ്രതീക്ഷിത ചെലവ് 31,99,26,800/-രൂപയുമാണ്.

(ബി) വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. ബജറ്റ്ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 19/20.12.2021)

(സി) ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

(1)ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 210 | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 0 | 25208 |
| 2 | 2301101 | വാട്ടർ ചാർജ് | 1,20,000 | 136248 |
| 3 | 2501002 | കൃഷിയും അനുബന്ധമേഖലകളും - മറ്റ് വിളകൾ | 4,00,000 | 15,30,635 |
| 4 | 2510115 | സാക്ഷരത തുല്യതാ പരീക്ഷ | 3,00,000 | 3,74,000 |

(2) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് കോഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|
| 2305001 | സംരക്ഷണവും അറ്റകുറ്റപ്പണികളും - പൊതുകെട്ടിടങ്ങൾ | 150000 | 0 |
| 2305002 | സംരക്ഷണവും അറ്റകുറ്റപ്പണികളും - റോഡുകൾ | 150000 | 0 |
| 2305003 | സംരക്ഷണവും അറ്റകുറ്റപ്പണികളും - ലെയിനുകൾ | 100000 | 0 |
| 2408001 | ധനകാര്യഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 100000 | 0 |

(3) വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും വളരേ കുറവ് വരവാണ് ലഭിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം &എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1101001 വസ്തുനികുതി | 5011695 | 8000000 |
| 1301001 സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 0 | 130000 |
| 1303001 ആഡിറ്റോറിയം , ഹാൾ വാടക | 3250 | 60000 |
| 1501101 ഫാറം വില | 335 | 380000 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.7.2020 | 22.05.2020 |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1). 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 62(5) പ്രകാരം വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് അംഗീകരിച്ച് പ്രസിഡന്റും സെക്രട്ടറിയും ഒപ്പുവയ്ക്കേണ്ടതും അടുത്തവർഷം മെയ് മാസം 15-ാം തീയതിയ്ക്കകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ധനകാര്യപത്രികയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിരിക്കുന്ന രേഖകൾ പ്രകാരം പത്രിക പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത് 19.05.2020 ലെ 1(8)-ാം നമ്പർ തീരുമാന പ്രകാരമാണ്. എന്നാൽ സകർമ്മ മിനിട്സിൽ [19.05.2020 ലെ 1(8)-ാം നമ്പർ തീരുമാനം] പ്രസ്തുത തീരുമാനം ഉൾപ്പെടുത്തിയിട്ടില്ല.

2).റസീപ്റ്റ് & പെയ്മെന്റ് പത്രിക ആർ പി 40 (B) യിൽ പരാമർശിച്ചിരിക്കുന്ന Post Office (OF), കാനറ ബാങ്ക്, എസ് ബി റ്റി (ലിറ്ററസി), എസ് ബി റ്റി (ലിറ്ററസി) Old എന്നീ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ പത്രികകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

3).ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

4).ബി14 – Stock In Hand (Inventories) ൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

5).വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6).അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ ധനകാര്യപത്രികയോടൊപ്പം
ഉൾപ്പെടുത്തിയിട്ടില്ല.

7).2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക പഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

8).ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2020ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9).ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10).ധനകാര്യപത്രികയിൽ പ്രൊഡക്ഷൻ ഇൻസന്റീവ് ടു പാഡി ഗ്രോവേഴ്സ് എന്ന ശീർഷകത്തിൽ വരവ് 95000/-ഉം (RP7) ചെലവ് 67,950/- ഉം (RP19) ആണ്. എന്നാൽ സെക്രട്ടറിയുടെ ഇ-ബിൽ ബുക്ക് പ്രകാരം ചെലവ് 70,000/-ആണ്. (ബിൽ നം 12/12.07.2019 Rs 25000/-, ബിൽ നം 14/23.07.2019 Rs 45000/-). ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

11).തനത് വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ (തൊഴിൽ നികുതി, ലൈസൻസ്, ലേലം തുടങ്ങിയവ) സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

12).ട്രഷറി റ്റി എസ് ബി തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2020 ലെ റീ കൺസിലിയേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ 1,35,150/- രൂപയുടെ ചെക്ക്
(ചെക്ക് നം 6920275തീയതി 28.03.2018) ഉൾപ്പെട്ടിരിക്കുന്നു. ആയത് Liability In Respect Of Stale Cheque ആയി ഉൾപ്പെടുത്തിയിട്ടില്ല.

13).ട്രഷറി റ്റി എസ് ബി തനത് ഫണ്ട് അക്കൗണ്ടിന്റെ ഫെബ്രുവരി 2020 ലെ റീ കൺസിലിയേഷൻ പത്രികയിൽ

Cheques Issued But Not Presented To Bank എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിരുന്ന 1,35,150/ രൂപയുടെ ചെക്കുകൾ മാർച്ച് 2020ലെ റീകൺസിലിയേഷനിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ മാർച്ച് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ചെക്കുകൾ പ്രകാരമുള്ള തുക പിൻവലിച്ചിട്ടില്ല.

14).ട്രഷറി റ്റി എസ് ബി തനത് ഫണ്ട് അക്കൗണ്ടിന്റെ ഫെബ്രുവരി 2020 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം 73,75,429/- രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി എഴുപത്തിഅയ്യായിരത്തി നാനൂറ്റി ഇരുപത്തിയൊൻപത് രൂപ) Cheques Deposited But Not Collected എന്നയിനത്തിൽ ഉൾപ്പെട്ടിരിക്കുന്ന തുക മാർച്ച് 2020 ലെ റീകൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ മാർച്ച് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുക (Rs. 73,75,429/-) കളക്ഷനായിട്ടില്ല. ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിലും മേൽ പരാമർശിച്ച ചെക്കുകൾ ഉൾപ്പെട്ടിട്ടില്ല.

15).ട്രഷറി റ്റി എസ് ബി തനത് ഫണ്ട് അക്കൗണ്ടിന്റെ ഫെബ്രുവരി 2020 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം 1,11,42,887/- രൂപ ( ഒരു കോടി പതിനൊന്ന് ലക്ഷത്തി നാൽപത്തിരണ്ടായിരത്തി എണ്ണൂറ്റി എൺപത്തിയേഴ് രൂപ മാത്രം) Directly Credited By Bankഎന്നയിനത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ആയത് മാർച്ച് 2020 ലെ റീകൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

16).ട്രഷറി റ്റി എസ് ബി തനത് ഫണ്ട് അക്കൗണ്ടിന്റെ ഫെബ്രുവരി 2020 ലെ റീ കൺസിലിയേഷൻ പത്രികയിൽ Directly Debited By Bank എന്നയിനത്തിൽ ഉൾപ്പെട്ടിരിക്കുന്ന 8,00,000/- മാർച്ച് മാസം (31.10.2019 Cheque No 1030145) ക്രമീകരിച്ചിരിക്കുന്നു. ചെലവിന്റെ വിശദാംശങ്ങൾ, തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

17).എസ് ബി ഐ തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2020 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം 2,660/- രൂപ Cheques Deposited But Not Collected എന്നയിനത്തിൽ കാണുന്നു. പ്രസ്തുത വരവിന്റെ വിശദാംശങ്ങൾ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

18).റിലീഫ് ഫണ്ട് ( KSCB) അക്കൗണ്ടിന്റെ മാർച്ച് 2020 ലെ റീ കൺസിലിയേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ 6,000/- രൂപയുടെ ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. ആയത് Liability In Respect Of Stale Cheque ആയി ഉൾപ്പെടുത്തിയിട്ടില്ല.

19).എസ് ബി ഐ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ വിവിധ മാസങ്ങളിലെ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് ആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം 2019 | നീക്കിയിരിപ്പ് |
|---|---|
| ഏപ്രിൽ | -405707.50 |
| ജൂൺ | -3498324.5 |
| ജൂലൈ | -3663524.50 |
| ആഗസ്റ്റ് | -4808263.50 |
| സെപ്റ്റംബർ | -5054267.50 |
| ഒക്ടോബർ | -6560607.50 |
| നവംബർ | -11337972.50 |
| ഡിസംബർ | -11727867.50 |
| ജനുവരി 2020 | -6217832.50 |
| ഫെബ്രുവരി 2020 | -6296888.50 |

20).എസ്.ബി.റ്റി, എൻ ആർ ഇ ജി എസ് അക്കൗണ്ടിന്റെ കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

| തീയതി | നീക്കിയിരിപ്പ് | |
|---|---|---|
| | കാഷ് ബുക്ക് പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം |
| മെയ് 2019 | 117046.45 | 43890.50 |

| | | |
|---|---|---|
| ജൂൺ 2019 | 117822.45 | 43890.50 |
| ജൂലൈ 2019 | 117822.45 | 117046.50 |
| സെപ്റ്റംബർ 2019 | 464298.45 | 117822.50 |
| ഒക്ടോബർ 2019 | 0 | -346475.50 |
| നവംബർ 2019 | 2000 | -346475.50 |
| ഡിസംബർ 2019 | 3996 | -346475.50 |

21).ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂറിനത്തിൽ കെ എസ് ഇ ബി, വാട്ടർ അതോറിറ്റി മുതലായ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ പൂർണമല്ലാത്തതിനാൽ ധനകാര്യപത്രികയിൽ രേഖപ്പെടുത്തി-
യിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

22).ധനകാര്യപത്രിക പ്രകാരം (RP31) ലൈഫ് സംസ്ഥാനവിഹിതമിനത്തിൽ 80,60,000/- രൂപയുടെ വരവുണ്ട്. ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം ചെലവ് (ലൈഫ് മിഷൻ പദ്ധതി ജനറൽ പ്രോജക്ട് നം 291) 79,60,000/- ആണ്. എന്നാൽ ആയത് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല (സംസ്ഥാനവിഹിതമിനത്തിൽ പ്രോജക്ട് വിഹിതം വകയിരുത്തുകയോ ചെലവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല)

23).ഉണഭോക്തൃവിഹിതമിനത്തിൽ നീക്കിയിരിപ്പായി 3,09,686/- രൂപ അവശേഷിക്കുന്നു . (B4) പ്രസ്തുത നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

24).വിവിധ ഡെപ്പോസിറ്റിനങ്ങളിലെ തുകകളുടെ വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 3 വർഷത്തിലധികമായ തുകകളുടെ വിശദാംശം ലഭ്യമല്ല.

25).പ്രാദേശിക സർക്കാരുകൾക്ക് വിവിധ ഗഡുക്കളായി സർക്കാർ അനുവദിക്കുന്ന തുകയിൽ ഉറവിടത്തിൽ നിന്നും കുറവു ചെയ്യേണ്ടുന്ന തുക ഉൾപ്പെടുത്തി പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ല. വിവരം ധനകാര്യപത്രികയിലും ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | വിവിധ ഗഡുക്കളിൽ നിന്നും കുറവു ചെയ്യേണ്ടുന്ന തുക സംബന്ധിച്ച വിവരം |
|---|---|
| | അങ്കണവാടി ജീവനക്കാരുടെ അധിക വേതനം |
| വികസന ഫണ്ട് പൊതുവിഭാഗം | 1022000<br>(511000- വികസനഫണ്ട് രണ്ടാം ഗഡു, 511000- വികസനഫണ്ട് മൂന്നാം ഗഡു) |

26).വാർഷിക കണക്കുകളിൽ തനതു വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| പ്രോപ്പർട്ടി ടാക്സ് (Res) (കറണ്ട്) | 3239299 | 2612757 | 655351 |
| പ്രോപ്പർട്ടി ടാക്സ് (Res) (അരിയർ) | 2037836.45 | 1235771 | 897915.45 |
| പ്രോപ്പർട്ടി ടാക്സ് (Non Res) (അരിയർ) | 1779934 | 199817 | 1043158 |

27).ധനകാര്യപത്രിക പ്രകാരം Capital Work In Progress തുക 9,22,880/- ആണ്. എന്നാൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ( അസിസ്റ്റന്റ് എഞ്ചിനീയർ ) പ്രസ്തുത തുക 1,94,957/- ആണ്.

28).ധനകാര്യപത്രിക (I 18 ) പ്രകാരം Property Tax ( Non Res) എന്നയിനത്തിൽ 501874/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. തുക പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്താനുള്ള ഭരണസമിതി തീരുമാനം , അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

29).ബാങ്ക് അക്കൌണ്ട് മുഖേനയുള്ള വരവുകൾ സാംഖ്യയിൽ ബുക്ക് ചെയ്തിട്ടില്ല

ഉദാ- എസ് ബി ഐ തനത് ഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് , ബാങ്ക് പാസ് ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| മാസം | വരവ് | |
|---|---|---|
| | ബാങ്ക് ബുക്ക് പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
| 11.11.2019 | നവംബർ മാസം ബുക്ക് ചെയ്തിട്ടില്ല | 200000 |
| 11.11.2019 | നവംബർ മാസം ബുക്ക് ചെയ്തിട്ടില്ല | 100000 |
| 18.02.20 | ഫെബ്രുവരി മാസം ബുക്ക് ചെയ്തിട്ടില്ല | 100000 |
| 27.02.20 | ഫെബ്രുവരി മാസം ബുക്ക് ചെയ്തിട്ടില്ല | 1500000 |

30).ഓഡിറ്റിന് ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രികയിലെ വിവരങ്ങൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ

| | സഞ്ചയ പ്രകാരം | | | ധനകാര്യപത്രിക പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി (കറണ്ട്) | 5589224 | 3810650 | 1697904 | 5011695 | 3655082 | 1421925 |
| വസ്തുനികുതി (അരിയർ) | 5267801 | 1593492 | 3699330 | 3817770.45 | 1435588 | 1941073.45 |

31).സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| തുക ലഭ്യമാക്കിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭ്യമായ തുക | തൻവർഷ ചെലവ് (സ്വലേഖ പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 പ്രകാരം) |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1195148 | 1431250 | 2130730 | 450500 |
| ബ്ലോക്ക് പഞ്ചായത്ത് | 2928960 | 31711942 | 3128601 | 3512301 |

32).ബാലൻസ് ഷീറ്റിൽ (ബി 4) 320200315 Local Area Development Fund For Members Of Parliament എന്ന ശീർഷകത്തിൽ 92483/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു. പ്രസ്തുത നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

33).ധനകാര്യപത്രികയിൽ റസീപ്റ്റ് & പെയ്മെന്റ് ആർ പി 26 പ്രകാരം Prior Period Income - Other Incomes എന്നയിനത്തിൽ 91938/- രൂപ ചെലവഴിച്ചിരിക്കുന്നു. ആയതിന്റെ ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

34).ധനകാര്യപത്രിക Income & Expenditure (I-18) പ്രകാരം Other Income എന്നയിനത്തിൽ 79,940/- രൂപ ഒഴിവാക്കിയിരിക്കുന്നു. തുക ഒഴിവാക്കിയതിന്റെ കാരണം, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.
മേൽ അപാകങ്ങൾക്കുള്ള വിശദീകരണം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-2-1 തനത് ഫണ്ടിൽ 73,75,429/- രൂപ കളക്ഷനായതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

ട്രഷറി റ്റി എസ് ബി തനത് ഫണ്ട് അക്കൗണ്ടിന്റെ ഫെബ്രുവരി 2020 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം 73,75,429/- രൂപ Cheques Deposited But Not Collected എന്നയിനത്തിൽ കാണുന്നു. ആയത് മാർച്ച് 2020 ലെ റീകൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്നാൽ മാർച്ച് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുക ( Rs. 73,75,429/- ) കളക്ഷനായിട്ടില്ല. ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിലും മേൽ പരാമർശിച്ച ചെക്കുകൾ ഉൾപ്പെട്ടിട്ടില്ല. റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ചെക്ക് നം, തീയതി | തുക |
|---|---|---|
| 119210900008 | ---/11.10.2019 | 250000 |
| 119210500002 | 628467/29.09.2019 | 25000 |
| 119210500008 | 1030164/26.11.2019 | 71428 |
| 119250900004 | --- | 1393117 |
| 119210900002 | ---- | 4179351 |
| 119210500006 | 1030141 | 93500 |
| 119210500007 | 1030161 | 220000 |
| 119140500022 | 5011929 | 2800 |
| 119210900003 | ---- | 15233 |
| 31900131 | 2524452/12.07.2019 | 15000 |
| 119250900003 | ----/09.08.2019 | 960000 |
| 119210900007 | ----/11.10.2019 | 150000 |
| ആകെ | | 7375429 |

പ്രസ്തുത തുക കളക്ഷനാക്കിയതിന്റെ വിശദാംശങ്ങൾ, പ്രസ്തുത തുക ഏതിനത്തിലെ-

യാണ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം14 തീയതി 17.12.2021). ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി 30 ദിവസത്തിനകം അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2-2 ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കേണ്ടതാണ്.

1. 2018-19, 2019-20 വർഷത്തെ ധനകാര്യപത്രിക പ്രകാരം (ബാലൻസ്ഷീറ്റ്) 350800299 Other Liabilities എന്നയിനത്തിൽ 2,48,744/- രൂപ നീക്കിയിരിപ്പുണ്ട്. ബന്ധപ്പെട്ട ലെഡ്ജർ ബുക്ക് പ്രകാരം പ്രസ്തുത തുക 15/12/2015, 18/03/2016 തീയതികളിൽ ഇ.എം.എസ് ലോൺ റീഫണ്ട് ഇനത്തിൽ ലഭ്യമായ തുകയാണ്. പ്രസ്തുത വരവിന്റെ വിശദാംശങ്ങൾ, ഏതൊക്കെ വ്യക്തികളിൽ നിന്നാണ് പ്രസ്തുത തുക ഈടാക്കിയത്, തിരികെ ഈടാക്കാനുള്ള കാരണം, ഏത് ഫണ്ടിൽ നിന്നുള്ള തുകയാണ് തുടങ്ങിയ വിശദാംശങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.

തുക നാളിതുവരെ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കാത്തതിന് കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി (36/26.12.2021) ലഭ്യമാക്കിയിട്ടില്ല.

2. ധനകാര്യപത്രിക പ്രകാരം (ബി 4) 320200315 Local AREA DEVELOPMENT FUND FOR MEMBERS OF PARLIAMENT എന്ന ശീർഷകത്തിൽ നീക്കിയിരിപ്പായി 92,483/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ, തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിന് കാരണം എന്നിവ വ്യക്തമല്ല

മേൽ പരാമർശിച്ചിരിക്കുന്ന ബാധ്യത തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19743204 | 19743204 | *21495500 | -1752296 |
| വികസനഫണ്ട് എസ്.സി.പി. | 0 | 17091529 | 17091529 | **14085480 | 3006049 |
| വികസനഫണ്ട് റ്റി എസ് പി | 0 | 309294 | 309294 | ***109368 | 19926 |
| സി.എഫ്.സി. | 0 | 16999191 | 16999191 | 12035965 | 4963226 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12670000 | 12670000 | 7149966 | 5520034 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 6959000 | 6959000 | 5074895 | 1884105 |
| എൻ ആർ ഇ ജി എസ് | 43890.50 | 1631099 | 1674989.50 | 1234998 | 439991.50 |

ഗ്രാന്റ് വിനിയോഗം - അപാകതകൾ

1. വിവിധ ഫണ്ടുകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് എ.സി.ആർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| *വികസനഫണ്ട് പൊതുവിഭാഗം | 21495500 | 19000704 |
| വികസനഫണ്ട് എസ്.സി.പി.** | 14085480 | 13909009 |
| വികസനഫണ്ട് റ്റി എസ് പി *** | 109368 | 94662 |

2. കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിന് വിവിധ വർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | 2018-19 ബാലൻസ് ഷീറ്റ് | 2019-20 ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം | |
| 1 | 320100115 | 72000 | 72000 |
| 2 | 320100116 | 59185 | 59185 |
| 3 | 320100121 | 2613834 | 2307190 |
| 4 | 320100126 | 10472 | 10472 |
| 5 | 320200308 | 243 | 19793 |
| 6 | 320200315 | 92483 | 92483 |
| 7 | 32020322 | 1895279 | 1718648 |
| 8 | 320300199 | 604250 | 704250 |

4. 2019-20 സാമ്പത്തിക വർഷം വകയിരുത്തിയ തുകകളുടെയും ചെലവഴിച്ച തുകകളുടെയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. ലഭ്യമായ ഫണ്ടുകൾ പൂർണമായും ചെലവഴിക്കാതെ തുക ലാപ്സായിരിക്കുന്നു.

| ഗ്രാന്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 27292453 | 21495500 | 79 |
| വികസനഫണ്ട് എസ്.സി.പി. | 19543319 | 14085480 | 72 |
| വികസനഫണ്ട് റ്റി എസ് പി | 338706 | 109368 | 32 |
| സി.എഫ്.സി. | 20170282 | 12035965 | 60 |
| സംരക്ഷണഗ്രാന്റ് റോഡ് | 15182778 | 7149966 | 47 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 8296718 | 5074895 | 61 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2580000 | 1065895 | 41 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1172000 | 176631 | 15 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 20/10.12.2021) മറുപടി ലഭ്യമായിട്ടില്ല.

## 1-4 പദ്ധതി അവലോകനം

വിവിധ നിർവഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു

| നിർവഹണോദ്യോഗസ്ഥർ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| കൃഷി ഓഫീസർ | 6056720 | 2369790 | 39.12% |
| വെറ്റിനറി സർജൻ | 5924000 | 2270500 | 38.32% |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച.സി) | 5527096 | 3568773 | 64.56% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1904380 | 1865430 | 97.95% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 1) | 62601087 | 33014400 | 52.73% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) | 14666111 | 11475000 | 78.24% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10932779 | 6334241 | 57.93% |
| സെക്രട്ടറി | 14822556 | 11352594 | 76.58% |
| ഹെഡ്മാസ്ററർ | 2056568 | 1027501 | 49.96% |
| അസി.എഞ്ചിനീയർ | 45079691 | 23731505 | 52.64% |
| ഡയറി ഫാം ഇൻസ്പെക്ടർ | 1224730 | 1134730 | 92.65% |
| അസി.സെക്രട്ടറി | 4325586 | 2141941 | 49.51% |

2019-20ൽ 175121304/- രൂപ പദ്ധതി അടങ്കൽ തുക വകയിരുത്തിൽ 100286405/- രൂപ (57.26 %) മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്.

പദ്ധതികളിൽ ഫണ്ടുകൾ ലാപ്സാകാതെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടുകൾ സമയബന്ധിതമായും ജനോപകാരപ്രദമായും നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 449880 | 483 |
| കർഷകതൊഴിലാളി പെൻഷൻ | 1291800 | 665 |
| വിധവാ പെൻഷൻ | 8625000 | 4341 |
| വാർദ്ധക്യകാല പെൻഷൻ | 16390200 | 8257 |
| വികലാംഗ പെൻഷൻ | 2749700 | 1389 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള | 303600 | 154 |

| | | |
|---|---|---|
| പെൻഷൻ | | |
| വിവാഹധനസഹായം | 300000 | 10 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2021, 12.00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1285രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. രസീത്ബുക്കുകൾ, രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്ററുകളുകൾ എന്നിവയുടെ പരിപാലനം നിയമാനുസൃതമല്ല.

പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും പ്രകാരം പദ്ധതി ആസൂത്രണം ചെയതുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത്കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പ്രൊക്യൂർമെന്റ് നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 43890 | 1631099 | 1674989 | 1234998 | 439991 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34122872 | 34122872 | 34122872 | 0 |
| ആകെ | 43890 | 35753971 | 38797861 | 38357870 | 439991 |

## 1-8-1 MNREGS പ്രവൃത്തികളിൽ വോയ്ഡ്സ് കുറവ് ചെയ്യാതെ തുക നൽകി-5628/- രൂപ തിരിച്ചടക്കേണ്ടതാണ്.

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ, ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവ് ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-3). അപ്രകാരം ഇവിടെ കുറവ് ചെയ്തതായി കാണുന്നില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അളവ് | നൽകിയ നിരക്ക് | നൽകിയ തുക | വോയ്ഡ്സ് (7.5%)കുറവ് ചെയ്ത അളവ് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ചാമവിള റോഡ് നിർമ്മാണം | 10.42 $M^3$ | 1490/- | 15526.99 | 9.63 | 14362.46 | 1165/- |
| പൂങ്കുളം പുന്ന വിള റോഡ് നിർമ്മാണം | 7.293 $M^3$ | 1490/- | 10866.57 | 6.746 | 10051.54 | 815/- |
| കണ്ണറത്തല ഇരട്ടിവിളാകം റോഡ് നിർമ്മാണം | 19.9056 $M^3$ | 1490/- | 29659.34 | 18.41 | 27434.89 | 2224/- |
| കൊന്നയ്ക്കാട്ടുവിള റോഡ് നിർമ്മാണം | 12.7358 $M^3$ | 1490/- | 18976.40 | 11.78 | 17552.2 | 1424/- |
| | | | | | | 5628/- |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 18.12.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-12 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ അധികം നൽകിയ 5628/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 1-8-2 MNREGS-റോഡ് നിർമ്മാണത്തിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിൽ തുക അധികം നൽകി- 3,844/-രൂപ തിരിച്ചടക്കേണ്ടതാണ്

കൊന്നയ്ക്കാട്ടുവിള റോഡ് നിർമ്മാണം

പ്രവൃത്തി നം. RC/298277

അടങ്കൽ -1 80700/-

ചെലവ്- 1,67,426/-, (Unskilled-12,195/-,semi Skilled-10,500/-,meterial-

1,44,506/-,sharpening-225/-)

പ്രവ്യത്തി ആരംഭിച്ചത് - 10.2.2020,

പ്രവ്യത്തി അവസാനിച്ചത്- 14.2.2020

എം ബുക്ക് നം - 185/19-20

ടി പ്രവ്യത്തിയുടെ എം ബുക്ക് നം 185/19-20 പേജ് നം 1,2 പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിൽ ആകെ 1,40,662.89/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പേജ് നം 11 ലെ Abstract ൽ ആയത് 1,44,506.40/- രൂപയായി രേഖപ്പെടുത്തി, അക്രിഡിറ്റഡ് എൻജിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി ആകെ തുക അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 3,844/-രൂപ അധികം നൽകിയിട്ടുണ്ട്. 4.3.2020 ലെ വർക്ക് രജിസ്റ്റർ ഡീറ്റയിൽസ് Meterial Payment Details Bill No.1019,51 എന്നിവ പ്രകാരം യഥാക്രമം 4,199/-,1,40,306/- രൂപ ഉൾപ്പെടെ ആകെ 1,44,506.40/-രൂപ അനുവദിച്ചതായി അസിസ്റ്റന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Work Completion Certificate( Annexure V) പ്രകാരം മെറ്റീരിയൽ ഇനത്തിൽ 1,44,506/- രൂപ അനുവദിച്ചതായി അക്രിഡിറ്റഡ് എൻജിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ തുക അധികം അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി 18.12.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-12 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി ഇനത്തിൽ അധികം നൽകിയ 3,844/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. പ്രസ്തുത തുക തിരിച്ചടക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.2.2020 | 2020 ഡിസംബർ മുതൽ ജനവരി വരെ | 3.4.2021 |
| അക്കൗണ്ടന്റ് ജനറൽ | 21.3.2019 | 2013-14 മുതൽ 2017-18 വരെ | 30.4.2019 |

## 1-10 അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല- സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ 2014-15 വാർഷിക പദ്ധതി പ്രൊജക്ടായ പ്രത്യേക ഭവനപദ്ധതി (ജനറൽ) നടപ്പിലാക്കുന്നതിനായി വി.ഇ.ഒ.(സർക്കിൾ I) യുടെ പേരിൽ വെങ്ങാനൂർ കോ -ഓപ്പറേറ്റിവ് റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി (ക്ലിപ്തം നം.റ്റി . 1497 പനങ്ങോട്, വെങ്ങാനൂർ) ൽ ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം SB 367 PB ) 14.11.2019 ലെ നീക്കിയിരിപ്പായി 2,00,000/- രൂപ ഉണ്ട്. 24.01.2020 ലെ 26-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം ചെലവാകാതെ പ്രസ്തുത അക്കൗണ്ടിലുള്ള തുക പ്രത്യേക ഭവനപദ്ധതി (ജനറൽ) വായ്പ മുതലിലേക്ക് തിരിച്ചടക്കുന്നതിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തിയിരുന്നു.

കൂടാതെ, ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12.04.2019ലെ എ5/574/19 പി എ യു നമ്പർ കത്തിൽ വി.ഇ.ഒ. മാരുടെ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന നിഷ്ക്രിയ തുകകൾ അടിയന്തിരമായി പിൻവലിച്ച് യഥാവിധി ക്രമീകരിക്കേണ്ടതും അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. അക്കൗണ്ട് നിലവിൽ ക്ലോസ് ചെയ്യാതെ നീക്കിയിരിപ്പായി 2ലക്ഷം രൂപ നിലനിർത്തിയിരിക്കുന്നു. തുക ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 16/ 17.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

നീക്കിയിരിപ്പുള്ള തുക ക്രമീകരിക്കുന്നതിന് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ
ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വീടുകളിലെ സെപ്റ്റിക് ടാങ്ക് പുനരുദ്ധാരണം -കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം. 294/19-20 ( S.0) വീടുകളിലെ സെപ്റ്റിക് ടാങ്ക് പുനരുദ്ധാരണം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-സർക്കിൾ2 നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്റ്റ് നം.294/19-20, വീടുകളിലെ സെപ്റ്റിക് ടാങ്ക് പുനരുദ്ധാരണം എന്ന പദ്ധതിയിൽ 5,56,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുഴി നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ പതിമൂന്നാം പദ്ധതി/സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത-
തിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ മാത്രമെ ടി പ്രോജക്റ്റുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുവാൻ കഴിയുകയുള്ളു. സമിതിയുടെ അനുമതിക്കായി ഇത്തരം പ്രോജക്റ്റുകൾ സമർപ്പിക്കുമ്പോൾ ആയതിന്റെ ആവശ്യകത, മറ്റ് വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണെന്നും അല്ലാത്തവ പരിഗണിക്കുന്നതല്ല എന്നും ഡി.എ1/72/19/ത.സ്വ.ഭ.വ തീയതി. 23.2.2019നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.ടി പ്രോജക്റ്റുകൾക്ക് ഇത്തരത്തിൽ അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനായി 20.12.2021തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-18 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ ടി ചെലവിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 പെൻഷണർമാർക്ക് മരണ ശേഷം പെൻഷൻ അനുവദിച്ചു

താഴെ പറയുന്ന പെൻഷണർമാർക്ക് മരണ ശേഷം പെൻഷൻ അനുവദിച്ചു.

| പേര് | പെൻഷൻ ഐ ഡി/ ഇനം | മരണപ്പെട്ട തീയതി | പെൻഷൻ ലഭിച്ച മാസം | തുക |
|---|---|---|---|---|
| തങ്കമ്മ റ്റി | 102820100165/ കർഷക തൊഴിലാളി | 3/8/2018 | 4/2019, 5/2019, 6/2019, | 4800 |

| | | | | |
|---|---|---|---|---|
| | പെൻഷൻ | | 7/2019 | |
| നാരായണൻ വി | 102820202796/ വാർദ്ധക്യകാല പെൻഷൻ | 9/2018 | 4/2019 | 1200 |
| ജഗതമ്മ പിള്ള | 12820200721/ വാർദ്ധക്യകാല പെൻഷൻ | 20/12/19 | 1/2020, 2/2020, 3/2020 | 3600 |
| ഓമന കെ | 102820202539/ വാർദ്ധക്യകാല പെൻഷൻ | 2/2/2020 | 3/2020 | 1200 |

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (30/21.12.2021) യ്ക്ക് മരണപെട്ടു പോയ പെന്ഷനർമാർക് മരണ ശേഷം അനുവദിച്ച പെൻഷൻ സാമൂഹിക സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്ന അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിന് അതാത് ബാങ്ക് മാനേജർക്ക് കത്ത് നൽകിയിട്ടുള്ളതാണ് എന്ന മറുപടി ആണ് ലഭിച്ചത് .

ആയതിന്റെ തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സർക്കാർ ജീവനക്കാർ /സർവീസ് പെൻഷണർമാർ/കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി സാമൂഹിക സുരക്ഷിതത്വ പെൻഷൻ കൈപ്പറ്റി

പെൻഷൻ ഫയൽ പരിശോധിച്ചതിൽ നിന്നും സർക്കാർ ജീവനക്കാർ / സർവീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി സാമൂഹിക സുരക്ഷിതത്വ പെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വ്യവരങ്ങൾ ചുവടെ ചേർക്കുന്നു.

| Pension ID | Name |
|---|---|
| 102820100131 | Sarada K |
| 102820100333 | Sarada C |
| 102820200859 | Sumathy A |
| 102820201413 | G Bhageeradhi Amma |
| 102820100341 | Fathima Beevi |
| 102820201778 | Syamala |
| 102820202390 | Baby S |
| 102820202838 | Mani T |
| 102820400249 | S Latha |
| 102820601496 | Valsala S |
| 102820203106 | Padmavathi Amma |
| 102820601686 | Sobhana P |

പ്രസ്തുത വ്യക്തികൾ, എന്നുമുതലാണ് ഈ തുകകൾ കൈപറ്റിയിയ്ക്കുന്നതെന്നും ടി തുകകൾ തിരികെ ഒടുക്കുന്നതിനു

സ്വീകരിച്ച നടപടികളും സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (30/21.12.2021) യ്ക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

പ്രസ്തുത പെൻഷണർമാർ സാമൂഹിക സുരക്ഷിതത്വ പെൻഷൻ കൈപ്പറ്റി വരവേ ഏത് പെൻഷനാണ് (സർവീസ് പെന്ഷൻ / കുടുംബ പെന്ഷൻ)അധികമായി കൈപ്പറ്റിയതെന്നും ഏത് കാലയളവ് മുതലാണ് കൈപ്പറ്റിയിരിക്കുന്നതെന്നും ഉള്ള വിവരം ലഭ്യമല്ല. ടി സാഹചര്യത്തിൽ സർവീസ് പെന്ഷൻ / കുടുംബ പെന്ഷനിൽ നിന്നും റിക്കവറി നടത്തുന്നതിന് ചട്ടത്തിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ അധികമായി ടിയാളുകൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുക സ്വയം തിട്ടപ്പെടുത്തി 30ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്നും അല്ലാത്തപക്ഷം ടി തുക ക്ഷാമ ബത്തയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതാണെന്ന വിവരം കാണിച്ച് രജിസ്റ്റേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ ശ്യാമള എന്ന വ്യക്തി മരണപ്പെട്ടു പോയതും മറ്റ് 11 പേരെ കണ്ടെത്താനാകാതെ തപാൽ മടങ്ങിയിട്ടുള്ളതുമാണ്.

ലഭ്യമാക്കിയ മറുപടിയിൽ 11 പേരെ കണ്ടെത്താനാകാതെ തപാൽ മടങ്ങി എന്നാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ നിന്നും ടിയാളുകളുടെ ശരിയായ മേൽവിലാസം ശേഖരിച്ച് കത്തുകളയച്ച് തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 രസീത് പരിശോധന

01.04.2019 മുതൽ 14.12.2021 വരെയുള്ള രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1. രസീത് ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

62248, 10246, 7958, 7959, 7959, 7960, 7971, 7972, 7974, 62215, 62207, 46282, 46284, 46285, 46292, 46293, 46294, 62201, 62203, 62214, 62217

2.ലഭ്യമാക്കിയ രസീതു ബുക്കുകൾ പരിശോധിച്ചതിൽ രസീതുകളിൽ കൃത്യമായി തീയതി രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതു ബുക്ക് നമ്പർ /രസീതു നമ്പർ | ഇനം | തുക |
|---|---|---|
| 62207/18 | സ്ഥാപന നികുതി | 3005 |
| 622177/24 | സ്ഥാപന നികുതി | 1142 |
| 62226/60 | സ്ഥാപന നികുതി | 62 |
| 46284/55 | സ്ഥാപന നികുതി | 132 |
| 46292/2 | സ്ഥാപന നികുതി | 317 |
| 62209/41 | സ്ഥാപന നികുതി | 245 |
| 62222/55 | സ്ഥാപന നികുതി | 133 |
| 62223/27 | സ്ഥാപന നികുതി | 398 |
| 62230/94 | സ്ഥാപന നികുതി | 284 |
| 62229/52 | സ്ഥാപന നികുതി | 94 |

| | | |
|---|---|---|
| 62229/48 | സ്ഥാപന നികുതി | 138 |
| 62229/46 | സ്ഥാപന നികുതി | 943 |
| 62229/38 | സ്ഥാപന നികുതി | 691 |
| 62236/30 | സ്ഥാപന നികുതി | 133 |
| 62236/99 | സ്ഥാപന നികുതി | 861 |
| 62237/96 | സ്ഥാപന നികുതി | 147 |
| 62237/91 | സ്ഥാപന നികുതി | 1772 |
| 62249/91 | സ്ഥാപന നികുതി | 672 |
| 767/54 | സ്ഥാപന നികുതി | 375 |

3. റദ്ദ് ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

| രസീതു ബുക്ക് നമ്പർ /രസീതു നമ്പർ |
|---|
| 7958/42 |
| 7959/19 |
| 7960/57 |
| 7974/67 |
| 62207/23 |
| 62207/26 |
| 62207/63 |
| 62207/74 |
| 62240/51 |
| 62209/42 |

4. 62222 നമ്പർ രസീത് ബുക്കിലെ 64-ാം നമ്പർ രസീത് നഷ്ടപ്പെട്ടതായി കാണുന്നു. പ്രസ്തുത രസീത് സംബന്ധിച്ച വിശദവിവരങ്ങൾ [തുക,അടവ് തീയതി എന്നിവ] അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

5.സാംഖ്യയിൽ നിന്നുള്ള Cheque And DD Register ഹാജരാക്കിയിട്ടില്ല.

6. Cheque And DD വരവുകൾ Cheque And DD Register ൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തുക | Cheque No/receipt No |
|---|---|---|
| 1/4/19 | 1350 | 169813 |
| 2/4/19 | 15000 | 119130200001 |
| 10/6/19 | 14390 | 998512 |
| 13/6/19 | 19550 | 267408 |
| 4/7/19 | 44620 | 119140500001 |

7. 21/1/2020 ൽ 62208 നമ്പർ രസീത് ബുക്കിലെ 32-ാം നമ്പർ രസീത് പ്രകാരം പിരിച്ചെടുത്ത 142 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

8. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്നും എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ അത്തരത്തിൽ രസീത് പ്രകാരമുള്ള വരവുതുകകൾ കൃത്യമായും പഞ്ചായത്തിൽ ഒടുക്ക്

വരുത്തിയിട്ടില്ല.

| രസീതു ബുക്ക് നമ്പർ /രസീതു നമ്പർ | തീയതി | രസീത് പ്രകാരം പിരിച്ച തുക | പഞ്ചായത്തിൽ ഒടുക്കിയ തുക |
|---|---|---|---|
| 7957/18 | 12/8/21 | 173 | 204 |
| 7968/81 | 16/8/21 | 172 | 192 |
| 7970/12 | 18/8/21 | 119 | 155 |
| 62230/22 | 7/3/21 | 178 | 196 |

| രസീത് ബുക്ക് നമ്പർ | തീയതി | പിരിച്ച തുക | പഞ്ചായത്തിൽ ഒടുക്കിയ തീയതി |
|---|---|---|---|
| 62215 | 21/3/2020 | 2714 | 12/5/2020 |
| 62217 | 5/6/2020 | 221 | 19/8/2020 |

9. രസീത് ബുക്ക് 62217 ൽ 37ാമത്തെ രസീതിലെ തീയതി 26/5/2020ഉം 38ാമത്തെ രസീതിലെ തീയതി 12/8/2020ഉം 39ാമത്തെ രസീതിലെ തീയതി 5/6/2020ഉം 40ാമത്തെ രസീതിലെ തീയതി 12/8/2020ഉം ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തീയതികളിലെ പൊരുത്തക്കേടുകൾക്കുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

10. 2011 കേരള പഞ്ചായത്ത് രാജ് ആക്ട് ലെ അക്കൗണ്ട്സ് ചട്ടങ്ങൾ അദ്ധ്യായം 8(83)ൽ പറയുന്ന നടപടിക്രമങ്ങൾ രസീത് ബുക്കുകൾ സ്വീകരിക്കുമ്പോൾ പാലിക്കുന്നില്ല.

- രസീത് ബുക്കുകൾ വാങ്ങിയ ഇന്റന്റ് ഹാജാക്കിയിട്ടില്ല.
- ഉപയോഗിച്ച് കഴിഞ്ഞ രസീത് ബുക്കിന്റെ Counterfoil പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം Stock Registerൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (21/20.12.2021) യ്ക്ക് മറുപടി ലഭ്യമായിട്ടില്ല.

വരും വർഷങ്ങളിൽ രസീത് ബുക്കുകൾ സ്വീകരിക്കുമ്പോൾ 2011കേരള പഞ്ചായത്ത്

രാജ് ആക്ട് ലെ അക്കൗണ്ട്സ് ചട്ടങ്ങൾ അദ്ധ്യായം 8(83)ൽ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. കളക്റ്റ് ചെയ്യുന്ന അതേ തുക അതാത് ദിവസങ്ങളിൽ തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

## 1-15 അസിസ്റ്റന്റ് എൻജിനീയർ-പണം പിരിവിലെ അപാകങ്ങൾ

A E യുടെ രസീത് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1. 62218 രസീത് ബുക്കിൽ 1 മുതൽ 10 വരെയും 19 മുതൽ 34 വരെയും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2. രസീത് ബുക്ക് 46273 ൽ 1 മുതൽ 57വരെയും 62218ൽ 11 മുതൽ 17വരെയും 20163ൽ 1 മുതൽ 100വരെയും രസീതിന്റെ അസ്സലാണ് ഗുണഭോക്താവിന് നൽകിയിരിക്കുന്നത്.

3. 62218 രസീത് ബുക്കിലെ 18ാം നമ്പർ രസീത് കാണാനില്ല.

4. 62218 രസീത് ബുക്കിലെ 19 മുതൽ 34 വരെയും 46273, 20163 രസീത് ബുക്കുകളിലെ മുഴുവൻ രസീതുകളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

5. 46273ാം രസീത് ബുക്കിലെ 33 മുതൽ 44 വരെയുള്ള രസീത് പ്രകാരം 28 Oct 2019 മുതൽ 18 Nov 2019 വരെ Collect ചെയ്ത 28546 രൂപയിൽ 27646 രൂപയാണ് 18 Nov 2019 ൽ പഞ്ചായത്തിൽ ഒടുക്കിയിരിക്കുന്നത്. 900 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (34/22.12.2021) യ്ക്ക് മറുപടി ലഭ്യമായിട്ടില്ല.

വരും വർഷങ്ങളിൽ രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. തുകയിലെ വ്യത്യാസം പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 സാംഖ്യ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

01.04.2019 മുതൽ 31.3.2021 വരെയുള്ള സാംഖ്യ രസീത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. റദ്ദ് ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ഉദാഹരണങ്ങൾ

| രസീത് നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|
| 119140100024 | 2/7/19 | Property Tax | 110099 |
| 119140100315 | 11/7/19 | Ownership Change Certificate. | 100 |
| 119140101089 | 13/8/19 | Profession Tax | 8250 |
| 119140101152 | 16/8/19 | Profession Tax | 7500 |
| 119140101160 | 16/8/19 | Profession Tax | 1370 |
| 119140101249 | 21/8/19 | Property Tax | 497 |
| 119140101424 | 27/8/19 | Property Tax | 673 |
| 120320101911 | 17/3/21 | Property Tax | 910 |
| 120320101912 | 17/3/21 | Property Tax | 907 |
| 120320101913 | 17/3/21 | Property Tax | 756 |
| 120320101914 | 17/3/21 | Property Tax | 832 |
| 120320101916 | 17/3/21 | Property Tax | 1059 |

2. റദ്ദ് ചെയ്ത രസീതുകളിൽ താഴെപ്പറയുന്ന രസീതുകൾ കാണാനില്ല.

119150100036, 119150100044, 119150100045, 119140100169, 119140100170, 120320102493.

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (30/21.12.2021) യ്ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-16-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റിൽ 21 വാർഡുകളിൽ നിന്നും 444 വ്യാപാര സ്ഥാപനങ്ങൾ ഉൾപെട്ടിട്ടുണ്ട്. എന്നാൽ 2019 -20 സാമ്പത്തിക വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു

സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് ആകെ 329 പേർക്ക് മാത്രമാണ് നൽകിയിട്ടുള്ളത്. 115 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് ടി സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കി രസീത് പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ടി സ്ഥാപനങ്ങളെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ അനുവദിച്ചതിനു കാരണം അറിയിക്കണമെന്നും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 ന കഴിഞ്ഞ 4 വർഷമായി നിർത്തലാക്കിയ സ്ഥാപനങ്ങളുടെ പേര് ഒഴിവാക്കാത്തതുകൊണ്ടാണ് 115 സ്ഥാപനങ്ങൾ അധികമായി കാണപ്പെടുന്നതെന്ന് മറുപടി ലഭ്യമാക്കിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. നിർത്തലാക്കിയ സ്ഥാപനങ്ങളെ ഒഴിവാക്കി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വരുമാന നഷ്ടം സംഭവിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 1-16-2 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. നിലവിൽ കല്ലിയൂർ പഞ്ചായത്ത് പരിധിയിൽ 30 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ലൈസൻസ് തുക ഈടാക്കി ലൈസൻസ് അനുവദിക്കാത്തതിന് കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3ന് ലൈസൻസ് എടുക്കുന്നതിനു രേഖാ മൂലം നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ആയതിനാൽ ലൈസൻസ് ആവശ്യമില്ല എന്ന നിലപാടാണ് റേഷൻ കട ഉടമസ്ഥർ സ്വീകരിക്കുന്നതെന്നാണ് മറുപടിയായി അറിയിച്ചിരിക്കുന്നത്. എന്നാൽ കേരള സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019 ലെ (സി.എസ്) എ 9-764 /2019 കത്ത് പ്രകാരം റേഷൻ വ്യാപാരികളെ തൊഴിൽ നികുതി, ലൈസൻസ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇവരിൽ നിന്ന് ലൈസൻസ് തുക ഈടാക്കി നികുതി നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16-3 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| രജിസ്റ്റർ പ്രകാരമുള്ള ക്രമ നം | സ്ഥാപനം | യന്ത്രത്തിന്റെ കുതിര ശക്തി | ചുമത്താവുന്ന ഫീസ് (പരമാവധി) |
|---|---|---|---|
| 118 | ശ്രീ ലക്ഷ്മി ഫ്ളവർ ആൻഡ് ഓയിൽ മിൽ | 10 | 100 |
| 17 | സൈമൺ ടിംബേർസ് | 38 | 400 |
| 26 | ജെ ജെ ഹോളോ ബ്രിക്സ് | 11 | 200 |
| 69 | ഈശോ ഹോളോ ബ്രിക്സ് | 69 | 700 |
| 89 | ജോൺസൻ വുഡ് ഇൻഡസ്ട്രി | 20+15 | 200+200=400 |
| 95 | ഭാരത് എന്റർപ്രൈസസ് | 6 | 100 |
| 96 | എസ് എസ് | 10 | 100 |

| | | | |
|---|---|---|---|
| | ഫ്ളവർ മിൽ | | |
| 100 | ബി ആർ ഫ്ളവർ മിൽ | കുതിര ശക്തി രേഖപ്പെടുത്തിയിട്ടില്ല | |

കുടിശ്ശിക സഹിതം ടി സ്ഥാപനങ്ങളിൽ നിന്നും മെഷീൻ ഫീ ഈടാക്കി രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം 27 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത നിർദേശം പാലിക്കുകയോ നിയമ പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കാത്തതിന് കാരണം അറിയിക്കുകയോ ചെയ്തിട്ടില്ല. മെഷീൻ ഫീ ഇനത്തിൽ ഈടാക്കേണ്ട തുക അടിയന്തിരമായി ഈടാക്കുകയും രസീത് പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

## 1-17 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. . എന്നാൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരിൽ നിന്നും 2019-20 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.22ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി നികുതി നഷ്ടം

ഗ്രാമ പഞ്ചായത്തിലെ കെട്ടിട നികുതി ഇനത്തിലുള്ള വരവ് സഞ്ചയ സോഫ്റ്റ്‌വെയർ വഴി പരിശോധിച്ചതിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി വിവിധ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ നിന്നും നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. ഇത്തരത്തിലുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | പ്രവർത്തിക്കുന്ന സ്ഥാപനം | ഉപയോഗ ക്രമം (സഞ്ചയ പ്രകാരം ) | നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന നികുതി | വാണിജ്യ സ്ഥാപനമായി രേഖപ്പെടുത്തി ഈടാക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|
| II/122 | ഹൈടെക്ക് ടു വീലർ വർക്ക് ഷോപ് | പാർപ്പിടം | 49x5 നികുതി ഒഴിവാക്കിയിട്ടുണ്ട് | 49x40=1960 |
| IV/321 | ആദിത്യ ഫുഡ്സ് ആൻഡ് കാറ്ററിങ് സർവീസ് | കൈത്തൊഴിൽ ഷെഡ് | 45x15=675 | 45x40= 1800 |
| IV/443 | ശ്രീ ലക്ഷ്മി ഫ്ലവർ മിൽ | പാർപ്പിടം | 36x5=180 നികുതി ഒഴിവാക്കിയിട്ടുണ്ട് | 36x40= 1440 |
| XIII/171 | കീർത്തി ഹോട്ടൽ | പാർപ്പിടം | 30x5=150 | 30x40= 1200 |

ഉപയോഗ ക്രമം കൃത്യമായി രേഖപ്പെടുത്തി ശരിയായ നികുതി ഈടാക്കാത്തതിന് കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം 32 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട നികുതി നിരക്കിൽ തുക ഈടാക്കുകയും നികുതി നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-19 വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ് ആക്റ്റ് വകുപ്പ് 3-1 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ബന്ധപ്പെട്ട പ്രവൃത്തിയുടെ ബില്ലിൽ നിന്ന് വസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3-3 പ്രകാരം വസൂലാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ കേരള നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചയിനത്തിൽ കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ലാത്ത-
തായി കണ്ടു. കളക്ഷൻ ചാർജ്ജിനത്തിൽ അർഹമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രത്യേക വായ്പ പദ്ധതി വായ്പ തുക പലിശ തിരിച്ചടവ്- തിരിച്ചടച്ച തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല-10,36,952/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം - 295/20

അടങ്കൽ - 14,00,000/- (തനത് ഫണ്ട്)

ചെലവ് - 10,36,952/- (റിക്വിസിഷൻ നം 502820720119125തീയതി 30.03.2020)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ പ്രത്യേക ഭവനപദ്ധതിയ്ക്കായി വെങ്ങാനൂർ കോ ഓപ്പറേറ്റീവ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി പനങ്ങോട് (പെരിങ്ങമല ശാഖ 1497) നിന്നും വായ്പയായി എടുത്ത 1,68,00,000/- രൂപയുടെ പലിശയിനത്തിലെ തുക അടവാക്കുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 2015-2016, 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 532539/-,1735545/-,1623934/-,1370037/-, 1036952/- രൂപ വീതം അടവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. (ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല) എന്നാൽ വെങ്ങാനൂർ കോ ഓപ്പറേറ്റീവ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി സെക്രട്ടറിയുടെ 12.03.2020 ലെ കത്തിൽ (ഇൻവേർഡ് നം എ2/2163/2020 Dated 13.03.2020) പലിശയിനത്തിലെ തുകകൾ ബാങ്കിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല എന്ന് പരാമർശിച്ചിരിക്കുന്നു. പലിശയിനത്തിൽ അടവാക്കിയ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ,നാളിതുവരെ പലിശയിനത്തിൽ നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, പലിശയിനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.28 തീയതി 22.12.2021) .

മേൽ പരാമർശിത രേഖകൾ ബാങ്കിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മതിയായ രേഖകൾ ഹാജരാക്കുന്നതുവരെ, പ്രോജക്റ്റ് പ്രകാരമുള്ള ചെലവ് തുക 10,36,952/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ഐ.കെ.എം വിഹിതം കൈമാറിയത് ക്രമപ്രകാരമല്ല

സ.ഉ.(സാധാ)1228/2016/തസ്വഭവ തീയതി 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവർക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം.ന്റെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് പദ്ധതിയിനത്തിൽ ആകെ 4,50,40,340/- രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ (RP-7 പ്രകാരം)

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് | 19000704/- |
| എസ്.സി.പി. ഫണ്ട് | 13909009/- |
| റ്റി.എസ്.പി ഫണ്ട് | 94662/- |

| | |
|---|---|
| സി.എഫ്.സി. ഗ്രാന്റ് | 12035965/- |
| ആകെ | 45040340/- |

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എംനുള്ള വിഹിതം ഇനത്തിൽ ഒടുക്കേണ്ടിയിരുന്നത് 1,12,601/- രൂപ മാത്രമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിലേക്കായി 1,42,062/- രൂപ (ബിൽ നം19020452012600392861/27.02.2019) ഒടുക്കിയിട്ടുണ്ട്. തൻവർഷം 29,461/- രൂപ അധികമായി ഒടുക്കിയിരിക്കുന്നു. തുക അധികമായി ഒടുക്കിയതിന് കാരണം, തൻവർഷം അധികമായി ഒടുക്കിയ തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല. (നം26/20.12.2021)

2018-19 സാമ്പത്തിക വർഷം 10,383/- രൂപ ഐ.കെ.എം ന് അധികമായി ഒടുക്കിയത് സംബന്ധിച്ച പരാമർശം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെട്ടിരുന്നു (2018-19). സർക്കാർനിർദ്ദേശപ്രകാരം ലഭ്യമാകുന്ന ഫണ്ടിന് ആനുപാതികമായി തുക കൈമാറുന്നതിനും കുറവായി/അധികമായി ഒടുക്കുന്ന തുക ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-32,86,841/-രൂപ തടസ്സപ്പെടുത്തുന്നു

(എ) പൈപ്പ് ലൈൻ നീട്ടൽ

| പ്രോജക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് തുക | ബിൽ നം/ ചെക്ക് നം തീയതി | ഫണ്ടിനം |
|---|---|---|---|---|
| പൈപ്പ് ലൈൻ നീട്ടൽ, 4/20 | 778799 (ധനകാര്യകമ്മിഷൻ അവാർഡ്) 478201 (തനത് ഫണ്ട്) | 228201 | 2148945/10.02.20 | തനത് ഫണ്ട് |
| | | 100000 | 2148948/24.02.20 | തനത് ഫണ്ട് |
| | | 150000 | 2204415/17.03.20 | തനത് ഫണ്ട് |
| | | 107000 | E Bill Book Sl No 24/20.09.19 | വികസന ഫണ്ട് |
| | | 110000 | E Bill Book Sl No 55/31.03.20 | വികസന ഫണ്ട് |
| | | 11799 | E Bill Book Sl No 61/13.02.20 | വികസന ഫണ്ട് |
| പൈപ്പ് ലൈൻ നീട്ടൽ, 235/20 | 388400 (ധനകാര്യകമ്മിഷൻ അവാർഡ്) | 62000 | Bill NO 13/4.7.19 | ധനകാര്യകമ്മിഷൻ അവാർഡ് |
| | | 237110 | Bill No 8.12.06.2019 | ധനകാര്യകമ്മിഷൻ അവാർഡ് |
| ആകെ | | 1006110 | | |

ഗ്രാമപഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ എത്തിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. വിവിധ ബില്ലുകൾ പ്രകാരം തുക കേരള വാട്ടർ അതോറിറ്റിയുടെ വിവിധ സെക്ഷനുകൾക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തുകകൈമാറിയപ്പോൾ വാട്ടർ അതോറിറ്റിയുമായി നിയമപരമായ എഗ്രിമെന്റ്

തയാറാക്കിയിട്ടില്ല. എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2. ഇത് സംബന്ധിച്ച ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ഉദാ - പ്രോജക്ട് നം.4/2020പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ മുഴുവൻ തുകയുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. ചെലവഴിച്ച തുകയുടെ ഫൈനൽ ബിൽ ഉൾപ്പെടെയുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല .

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 33/22.11.2021). വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ പ്രോജക്ട് പ്രകാരമുള്ള ചെലവ് 1006110/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) വൈദ്യുതി ലൈൻ നീട്ടൽ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടുന്നതിന് 2019-20 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|
| 140, വൈദ്യുതി ലൈൻ നീട്ടൽ | 1995426<br>(ധനകാര്യകമ്മിഷൻ അവാർഡ്)<br>34574<br>(തനത് ഫണ്ട്) | 1922909<br>34574 | 502820720119044/15.10.19 |
| 141, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 273500<br>(പൊതുവിഭാഗം സാ.ധാ) | 201637 | Rs.94135 , 28/19.10.19<br>Rs.29708 , 47/31.12.19<br>Rs.7079, 51/24.01.20<br>Rs.27155, 67/29.02.20<br>Rs.18717 , 68/29.02.20<br>Rs.6278,64/29.02.20<br>Rs.18565, 33/29.10.19 |
| 234, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 121621<br>(ധനകാര്യകമ്മിഷൻ അവാർഡ്) | 121611 | Rs.22911 , 3/12.06.19<br>Rs.24994 , 4/12.06.19<br>Rs.13672, 5/12.06.19<br>Rs.29800, 6/12.06.19<br>Rs.12626 , 7/12.06.19<br>Rs.10837, 42/15.11.19<br>Rs.6771, 43/17.12.19 |
| ആകെ | | 2280731 | |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യപത്രിക പ്രകാരം, ഡെപ്പോസിറ്റിനായി കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുക 1,957,483/- ആണ്. എന്നാൽ സുലേഖ പത്രിക പ്രകാരം നൽകിയിരിക്കുന്ന തുക 2,280,731/- ആണ്.

2. ചെലവഴിച്ച തുകയുടെ ഫൈനൽ ബിൽ ഉൾപ്പെടെയുള്ള വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. 2018-19 വർഷത്തെ ധനകാര്യപത്രിക (ബാലൻസ് ഷീറ്റ്) പ്രകാരം കെ.എസ് ഇ ബിയ്ക്ക് നൽകിയ തുകയിൽ 27,43,339/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാനവശേഷിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

അപാകതകൾ പരിഹരിക്കേണ്ടതും പ്രോജക്ട് പ്രകാരം കെ.എസ് ഇ ബി യ്ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 2280731/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 35/22.12.2021)

## 1-23 കിണർ റീചർജ്-ഉത്തരവിന് വിരുദ്ധമായി അധികം തുക നൽകി-3600/- രൂപ തിരിച്ചടക്കേണ്ടതാണ്

പ്രോജക്റ്റ് നം 91/19-20 കിണർ റീചാർജ്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്റ്റിൽ ആകെ 10800/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്.

പദ്ധതി നിർവഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

സർക്കാർ ഉത്തരവ് (സാധാ)നം.2867/2018/ത.സ്വ.ഭ.വ തീയതി 08/11/2018 പ്രകാരം കിണർ റീചാർജിംഗിനായി നിർദേശിച്ചിട്ടുള്ള നിരക്കിനുള്ള ഉയർന്ന പരിധിയായി, സർക്കുലർ നം.ഡി.ഡി.2/343/2017/ത.സ്വ.ഭ.വ തീയതി 22.8.2017 ൽ പ്രതിപാദിക്കുന്ന തുക(ഒരു യൂണിറ്റിന് ചെലവിന്റെ 80% (SC/ST ക്ക് 100%) പരമാവധി 6000/- രൂപ) കണക്കാക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്.

| ക്രമ നം | പേര് | അനുവദിച്ച തുക | ബിൽ നം | അനുവദനീയമായ തുക(വാല്യേഷന്റെ 80% തുക)/പരമാവധി 6000/- രൂപ) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | കരുണാകരൻ | 7200 | 535/30.1.2020-3600<br>537/30.1.2020-2160<br>536/30.1.2020-1440 | 6000 | 1200 |
| 2 | ശ്രീജിത്ത് | 7200 | 238/18.10.2019-3600<br>270/29.10.2019-2160<br>240/18.10.2019-1440 | 6000 | 1200 |
| 3 | മോഹനകുമാർ | 7200 | 139/13.8.2019-3600<br>141/13.8.2019-2160<br>140/13.8.2019-1440 | 6000 | 1200 |
| | | | | | 3600/- |

ഇപ്രകാരം തുക അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.23/20.12.21) ലഭ്യമാക്കിയ മറുപടിയിൽ, മാർഗരേഖ പ്രകാരമുള്ള തുകയിൽ മാറ്റമില്ലാത്തതിനാൽ 7200/- രൂപ വീതം അനുവദിച്ചു എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. പ്രസ്തുത മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ല. ആയതിനാൽ ടി ഇനത്തിൽ അധികം നൽകിയ 3600/-രൂപ തിരിച്ചടക്കേണ്ടതാണ്.

## 1-24 ഗുണഭോക്തൃവിഹിതം ഈടാക്കാതെ മുഴുവൻ സബ്സിഡിതുകയും നൽകി-നടപടി ക്രമങ്ങളിൽ അപാകത

പ്രോജക്റ്റ് നം - 231/19-20 ഹരിതഭവനം,

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ടി പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ, 24440/- രൂപ KL 013603516/28.3.2019 നം ചെലാൻ പ്രകാരം ട്രഷറിയിൽ അടവാക്കിയതായി കാണുന്നു.മേൽ സൂചിപ്പിച്ച ഏത് പ്രോജക്റ്റിൽ നിന്നും ലഭിച്ച തുകയാണ് ഇതെന്നും,ടി തുക കളക്റ്റ് ചെയ്തതിന്റെയും,ആയത് അടവാക്കിയതിന്റെയും വിനിയോഗവും,ട്രഷറിയിൽ തുക അടവാക്കാനുണ്ടായ കാരണവും സംബന്ധിച്ച വിശദമായ രേഖകൾ ഹാജരാക്കുന്നതിനായി 20.12.2021തീയതിയിൽ ഓഡിറ്റ് എൻക്വയറി- 23 നുള്ള മറുപടിയിൽ, മാർച്ച് മാസം അവസാനം പ്രവൃത്തി പൂർത്തീകരിച്ചതിനാൽ ഗുണഭോക്തൃവിഹിതമായ 24440/- രൂപ പഞ്ചായത്തിൽ അടക്കുവാൻ സാധിക്കാതെവരികയും അതിനാൽ മുഴുവൻ സബ്സിഡിതുകയും ഗുണഭോക്താവിന് നൽകുകയും,വികസനഫണ്ടിൽ നിന്നും ഗുണഭോക്തൃവിഹിതം കൂടി ഗുണഭോക്താവിന് നൽകിയതിനാൽ ടി തുക ചെലാൻ വഴി അടവാക്കുകയായിരുന്നു എന്നുമാണ് അറിയിച്ചത്.ടി നടപടി ക്രമം തെറ്റാണ്.ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഗുണഭോക്തൃവിഹിതമായി ഈടാക്കുന്ന തുകകൾക്ക് രസീത് നൽകുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ ഗുണഭോക്തൃവിഹിതമായി ഈടാക്കുന്ന തുകകൾ രസീത് ഉപയോഗിച്ചല്ല ഗുണഭോക്താക്കളിൽ നിന്നും കളക്റ്റ് ചെയ്യുന്നതെന്ന് കാണുന്നു. ഗുണഭോക്താക്കളിൽ നിന്നും തുകകൾ പൂർണ്ണമായും കളക്റ്റ് ചെയ്തതിനു ശേഷം ഒരുമിച്ചാണ് പഞ്ചായത്തിൽ അടവാക്കുന്നത്. രസീത് പ്രകാരം കളക്റ്റ് ചെയ്യുന്ന തുകകൾ അടുത്ത പ്രവൃത്തി ദിവസം തന്നെ അടവാക്കണമെന്ന് വ്യവസ്ഥ ഉള്ളപ്പോഴാണ് ഇപ്രകാരം ചെയ്യുന്നത്. കൃഷി ഓഫീസറുടെ ഈ നടപടി സാമ്പത്തിക ക്രമക്കേടിന് വഴിവക്കുന്നതാണ്.

ഗുണഭോക്താക്കളിൽ നിന്നും തുകകൾ ഈടാക്കുമ്പോൾ ആയതിന് കൃത്യമായ രസീത് നൽകുകയും, തുകകൾ തൊട്ടടുത്ത ദിസവം തന്നെ അടവാക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിയും ഈ വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 രേഖകൾ ഹാജരാക്കിയില്ല- 1,03,900/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ പറയുന്ന പ്രോജക്റ്റുകളുടെ ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.ആയതിന് 21.12.2021 ൽ ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടുള്ളതാണ്.

Project No.148/19-20 – ചെലവ്-72,000/-

Project No 174/19-20 – ചെലവ്-31,900/-

1,03,900/-

ചെലവ് രേഖകളുടെ അഭാവത്തിൽ 1,03,900/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ് അല്ലാത്ത പക്ഷം ടി തടസം നിരാകരണമായി മാറുന്നതാണ്.

## 1-27 അംഗനവാടി പോഷകാഹാര പദ്ധതി- ബില്ലുകളിൽ നിന്നും ടി.ഡി.എസ് ഈടാക്കുന്നില്ല

പ്രോജക്റ്റ് നം 81/19-20, 241/19-20 അംഗനവാടി പോഷണം

ICDS Supervisor നടപ്പിലാക്കിയ 81/19-20 നം പ്രോജക്റ്റിൽ 24,54,003/-രൂപയുടെയും, 241/19-20 നം പ്രോജക്റ്റിൽ 2,62,752/-രൂപയുടെയും ചെലവ് വന്നിട്ടുണ്ട്. അതിൽ സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് അംഗനവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത്.കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. എന്നാൽ, ചുവടെ പറയുന്ന ബില്ലുകളിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

81/19-20

| ക്രമ നം | ബിൽ നം | തുക | നികുതി ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി -ടി.ഡി.എസ് |
|---|---|---|---|---|
| 1 | 127,22/4/19 | 75923 | 72333 | 1447 |
| 2 | 114,11/6/19 | 76172 | 72570 | 1451 |
| 3 | 135,27/6/19 | 74923 | 71381 | 1428 |
| 4 | 146,26/7/19 | 78170 | 74474 | 1489 |
| 5 | 4,27/8/19 | 88059 | 83895 | 1678 |
| 6 | 10,20/9/19 | 89723 | 85481 | 1710 |
| 7 | 36,26/10/19 | 86912 | 82802 | 1656 |
| 8 | 34,29/11/19 | 93275 | 88865 | 1777 |
| 9 | 39,24/12/19 | 103700 | 98796 | 1976 |
| 10 | 51,29/1/20 | 110888 | 105644 | 2113 |
| 11 | 59,29/2/20 | 111947 | 104583 | 2092 |

| | | | | |
|---|---|---|---|---|
| | | | ആകെ | 18817/- |

241/19-20

| ക്രമ നം | ബിൽ നം | തുക | നികുതി ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി -ടി.ഡി.എസ് |
|---|---|---|---|---|
| 1 | 93,12/3/19 | 83164 | 79232 | 1585 |
| 2 | 73,23/1/19 | 73425 | 69953 | 1399 |
| 3 | 83,25/2/19 | 79920 | 76140 | 1523 |
| | | | ആകെ | 4507/- |

തുക ഈടാക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-10/18.12.21) മറുപടിയായി മേൽ പറഞ്ഞ ബില്ലുകൾ രണ്ടരലക്ഷം രൂപയിൽ താഴെയായതിനാലാണ് ടി.ഡി.എസ് ഈടാക്കാത്തത് എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഒരേ സ്ഥാപനത്തിന് തന്നെയാണ് ഇപ്രകാരം രണ്ടരലക്ഷം രൂപയിൽ കൂടുതൽ നൽകുന്നതിനാലും, സ്ഥാപനം GSTപഞ്ചായത്തിൽ നിന്നും ഈടാക്കുന്നതിനാലും ടി ബില്ലുകളിൽ നിന്നും ടി.ഡി.എസ് ഈടാക്കേണ്ടതാണ്. മേൽപറഞ്ഞ നിരക്കിൽ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ടി.ഡി.എസ് ഈടാക്കി മാത്രമേ തുക അനുവദിക്കാൻ പാടുള്ളൂ എന്നും ഓഡിറ്റ് നിർദേശിക്കുന്നു.

## 1-28 അംഗനവാടികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 20 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 20 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 2 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | - |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 11 |
| 6 | കളിസ്ഥലം ഇല്ലാത്തവ | |
| 7 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 34 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 34 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | - |
| 11 | വൈദ്യുതി ഇല്ലാത്തവ | - |
| 12 | പ്രഥമശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | - |
| 13 | പാചകവാതക സൗകര്യം ഇല്ലാത്തവ | - |
| 14 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - |

| | | |
|---|---|---|
| 15 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - |
| 16 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - |
| 17 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്ക, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി ഇതുവരെയും കൂടിയിട്ടില്ലെന്നും ഉടൻ തന്നെ കമ്മിറ്റി കൂടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി കൂടാറുണ്ടെന്നും 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 4.2.1. പ്രകാരം 2019 – 20 ൽmonthly Progress Report സമർപ്പിക്കാറുണ്ടെന്നും ആയതിന്റെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്.

## 1-29 ടെൻഡർ/ക്വട്ടേഷൻ നടപടി ഫയലുകൾ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല- 2,66,342/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

I. പ്രോജക്റ്റ് നം 249/19-20 ലാബ് ഉപകരണങ്ങൾ വാങ്ങൽ

പ്രസ്തുത പ്രോജക്റ്റിൽ 66/10.7.2019നം ബിൽ പ്രകാരം 92981/-രൂപയും, 309/6.11.2019 നം ബിൽ പ്രകാരം 108361/-രൂപയും ഉൾപ്പെടെ ആകെ 2,01,342/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്.SR Diagonostics എന്ന സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് നടത്തിയിരിക്കുന്നത്.

II. പ്രോജക്റ്റ് നം 118/19-20 PHCയിലേക്ക് അനുബന്ധ സാധനങ്ങൾ വാങ്ങൽ

പ്രസ്തുത പ്രോജക്റ്റിൽ 453/6.1.2020നം ബിൽ പ്രകാരം 15500/-രൂപയും, 358/6.12.2020 നം ബിൽ പ്രകാരം 49500/-രൂപയും ഉൾപ്പെടെ ആകെ 65000/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്. Radix Health Care എന്ന സ്ഥാപനത്തിൽ നിന്നാണ് ടി പർച്ചേസ് നടത്തിയിരിക്കുന്നത്.

ടി പർച്ചേസുകളുമായി ബന്ധപ്പെട്ട ഫയലുകളും, ടെൻഡർ/ക്വട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട ഫയലുകളും ലഭ്യമാക്കുന്നതിനായി 20.12.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-25 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി ഇനങ്ങളിൽ ചെലവായ 2,66,342/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-30 മരുന്ന് പർച്ചേസിന് നടപടിക്രമങ്ങൾ പാലിച്ചില്ല-17,62,448/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

I. പ്രോജക്റ്റ് നം 110/19-20 PHCയിലേക്ക് മരുന്ന് വാങ്ങൽ

64/10.7.2019 - 1,99,831/-

131/13.8.19 - 1,00,023/-

307/6.11.19 - 3,38,950/-

454/6.1.2020 - 11,029/-

582/7.2.2020 - 80,376/-

644/26.2.2020 - 3,19,624/-

65/10.7.2019 - 2,00,000/-

12,49,833/-

II. പ്രോജക്റ്റ് നം 108/19-20 പാലിയേറ്റീവ് കെയർ

195/27.9.2019 - 3,10,805/-

135/13.8.2019 - 2,01,810/-

5,12,615/-

കിടാരക്കുഴി സഹകരണ ബാങ്കിന്റെ കീഴിലെ നീതി മെഡിക്കൽസിൽ നിന്നാണ് (I), (II) പ്രകാരമുള്ള ടി പർച്ചേസുകൾ നടത്തിയിരിക്കുന്നത്.

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന ലഭ്യമായില്ലെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ/നീതി/ജൻഔഷധി എന്നിവിടങ്ങളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിനായി മാത്രം മരുന്ന് വാങ്ങുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.(മാർഗരേഖ 7.5.4). വ്യവസ്ഥകൾ അപ്രകാരമായിരിക്കെ 7/2019, 8/2019, 9/2019, 11/2019, 1/2020, 2/2020 എന്നീ മാസങ്ങളിലായി 9 തവണ മരുന്ന വാങ്ങി. പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രസ്തുത പർച്ചേസുകൾക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ശുപാർശ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.രണ്ട് പ്രോജക്ടുകളിലായി 17,62,448/- രൂപയുടെ പർച്ചേസിന് ടെൻഡർ നടപടിക്രമങ്ങൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

4.മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനായി 20.12.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-25 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അടിയന്തിര സാഹചര്യം മറികടക്കുന്നതിനായി മാത്രം മരുന്ന് വാങ്ങുന്നതിനുള്ള അനുമതി ദുരുപയോഗം ചെയ്ത്, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ/ടെൻഡർ നടപടികൾ ഒഴിവാക്കി ഒരു സാമ്പത്തിക വർഷത്തെ എല്ലാ മരുന്ന പർച്ചേസും നീതി മെഡിക്കൽസിൽനിന്നും നടത്തിയതായി ഇതിൽ നിന്നും കാണാവുന്നതാണ്.മേൽ സാഹചര്യത്തിൽ ടി പർച്ചേസുകളിലെ 17,62,448/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.ആവശ്യമായ രേഖകളും, ടെൻഡർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ നീതി മെഡിക്കൽസിൽ നിന്നും അനുമതി ഇല്ലാതെ പർച്ചേസ് നടത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 തെരുവ് നായ നിയന്ത്രണം രേഖകൾ ഹാജരാക്കിയില്ല-2,10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. 89/19-20-അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്റ്റിൽ, ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായകളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ഇതിലേക്കായി നായ ഒന്നിന് 2,100/- രൂപ വകയിരുത്തി, 2,10,000/-രൂപ മുൻകൂറായി Bill No.115/9.8.2019പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി. 27-08-2016 ലെ 45151/RC3 /2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ മേൽ പ്രവൃത്തികൾ നിർവഹിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയവ ഹാജരാക്കുന്നതിനും, വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്കായി ലഭ്യമാക്കുന്നതിനും 20.12.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-24 നൽകിയിരുന്നു.ആയതിന് 21.12.2021 ൽ മറുപടി ഹാജരാക്കിയിട്ടുണ്ട്.അതിൽ വിനിയോഗ സർട്ടിഫിക്കറ്റും, മറ്റ് രേഖകളും കുടുംബശ്രീ യിൽ നിന്നും ലഭ്യമായാൽ ഹാജരാക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. മേൽസാഹചര്യത്തിൽ പ്രസ്തുത രേഖകൾ ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 2,10,000/-രൂപ തടസത്തിൽ വക്കുന്നു.

## 1-32 മരുന്ന പർച്ചേസിൽ അനുവദനീയമായ Discount ലഭിച്ചില്ല-97,712.53/- രൂപ സ്ഥാപനത്തിന് നഷ്ടം-തുക ഈടാക്കേണ്ടതാണ്

പ്രോജക്റ്റ്നം.85/19-20 മൃഗാശുപത്രിക്കാവശ്യമായ മരുന്ന വാങ്ങൽ

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്റ്റിൽ ട്രഷറി ബിൽ 315/12/11/2019 നം പ്രകാരം 6,00,000/- രൂപയുടെയും ട്രഷറി ബിൽ 558/31.1.2020 നം പ്രകാരം 2,00,000/- രൂപയുടെയും ഉൾപ്പെടെ ആകെ 8,00,000/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്.

നീതി മെഡിക്കൽസ് വെഞ്ഞാറമൂട് എന്ന സ്ഥാപനത്തിൽ നിന്നാണ് ടി പർച്ചേസുകൾ നടത്തിയിരിക്കുന്നത്.നീതി മെഡിക്കൽസിന്റെ Cash Bill No. 1162/13.6.2019 പ്രകാരം 43,577/- രൂപയുടെയും, Cash Bill No. 3192/19.10.2019 പ്രകാരം

5,56,445/- രൂപയുടെയും, Cash Bill No. 4820/25.1.2020 പ്രകാരം 2,00,000/- രൂപയുടെയും (ആകെ 800000/-) മരുന്നുകൾ ലഭ്യമായിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ചിട്ടുള്ള പ്രസ്തുത ബില്ലിൽ MRP,Discount,Rate (ഡിസ്കൗണ്ട് കഴിഞ്ഞ് നൽകുന്ന നിരക്ക്) എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. Cash Bill No. 1162/13.6.2019 പ്രകാരം, ഡിസ്കൗണ്ട് കഴിഞ്ഞ് നൽകുന്ന നിരക്കിൽ തന്നെയാണ് മരുന്നുകളുടെ ആകെവില രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ Cash Bill No. 3192/19.10.2019, 4820/25.1.2020എന്നിവയിൽ MRP,Discount,Rate (ഡിസ്കൗണ്ട് കഴിഞ്ഞ് നൽകുന്ന നിരക്ക്) എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും MRPനിരക്കിൽ തന്നെയാണ് മരുന്ന ലഭ്യമാക്കിയിട്ടുള്ളത്. ബില്ലിൽ രേഖപ്പെടുത്തിയ അനുവദനീയമായ Discount നിരക്ക് അനുവദിച്ചിട്ടില്ല.അപ്രകാരം നൽകിയ ബില്ലിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

A.

| ക്രമ നം | മരുന്നിന്റെ പേര് | അളവ് | എം. ആർ. പി | ഡിസ്കൗണ്ട് | നിരക്ക് | ബിൽ പ്രകാരമുള്ള ആകെ വില | ഡിസ്കൗണ്ട് പ്രകാരമുള്ള തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | Prozole 150 Mg | 100 | 36 | 4 | 32 | 3600 | 3200 | 400 |
| 2 | Ringer Lactate | 25 | 39.79 | 9.95 | 29.84 | 994.75 | 746 | 248.75 |
| 3 | Avitha Liquid | 100 | 43.12 | 5.88 | 37.24 | 4312 | 3724 | 588 |
| 4 | Mastilep Gel | 50 | 135 | 15 | 120 | 6750 | 6000 | 750 |
| 5 | Stecline Inj | 25 | 64.97 | 8.03 | 56.94 | 1624.25 | 1423.5 | 200.75 |
| 6 | Rumisaac | 100 | 38.7 | 6.3 | 32.4 | 3870 | 3240 | 630 |
| 7 | Bactirisol | 25 | 84.48 | 11.52 | 72.96 | 2112 | 1824 | 288 |
| 8 | Pendistrine | 100 | 23.89 | 1.26 | 22.63 | 2389 | 2263 | 126 |
| 9 | Ketonix | 100 | 32.68 | 5.32 | 27.36 | 3268 | 2736 | 532 |
| 10 | Mag Sulphate | 100 | 105.6 | 14.4 | 91.2 | 10560 | 9120 | 1440 |
| 11 | Dexona Vet | 25 | 11.88 | 1.93 | 9.95 | 297 | 248.75 | 48.25 |
| 12 | Vitafert Powder | 80 | 81 | 9 | 72 | 6480 | 5760 | 720 |
| 13 | Utroclean UP | 100 | 52.8 | 7.2 | 45.6 | 5280 | 4560 | 720 |
| 14 | Pantosec 40 Mg | 50 | 46.27 | 72.38 | -26.11 | 2313.5 | -1305.5 | 3619 |
| 15 | Examination Gloves | 1 | 495 | 330 | 165 | 495 | 165 | 330 |
| 16 | Digyton Plus LGD | 100 | 157.5 | 17.5 | 140 | 15750 | 14000 | 1750 |
| 17 | Styplon Vet | 40 | 37.8 | 4.2 | 33.6 | 3780 | 1344 | 2436 |
| 18 | Intacef Tazo | 40 | 302.6 | 37.4 | 265.20 | 12104 | 10608 | 1496 |
| 19 | Ecotas 8 Bolus | 200 | 86.13 | 12.87 | 73.26 | 17226 | 14652 | 2574 |
| 20 | Melonux Pulse | 75 | 129 | 21 | 108 | 9675 | 8100 | 1575 |
| 21 | Mamisef Susp | 50 | 195.75 | 29.25 | 166.5 | 9787.5 | 8325 | 1462.5 |
| 22 | D Mag Spray | 50 | 85.26 | 12.74 | 72.52 | 4263 | 3626 | 637 |
| 23 | Cflox Cf | 100 | 43.61 | 5.39 | 38.22 | 4361 | 3822 | 539 |
| 24 | Intasef Inj | 48 | 50.23 | 8.86 | 41.37 | 2411.04 | 1985.76 | 425.28 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 25 | Ralotas | 100 | 176 | 24 | 152 | 17600 | 15200 | 2400 |
| 26 | Maxitol XP | 20 | 418 | 57 | 361 | 8360 | 7220 | 1140 |
| 27 | Intacef 3gm Inj | 100 | 167.2 | 22.8 | 144.40 | 16720 | 14440 | 2280 |
| 28 | Intacef 4gm Inj | 48 | 202.4 | 27.6 | 174.8 | 9715.20 | 8390.4 | 1324.8 |
| 29 | Intacef Tazo 4.5 Inj | 40 | 378.4 | 51.6 | 326.8 | 15136 | 13072 | 2064 |
| 30 | Mammidium Powder | 150 | 206.8 | 28.2 | 178 | 31020 | 26700 | 4320 |
| 31 | Minfa Gold | 40 | 213.15 | 31.85 | 181.3 | 8526 | 7252 | 1274 |
| 32 | Flobac Sa Inj | 50 | 366.96 | 63.04 | 303.92 | 18348 | 15196 | 3152 |
| 33 | Tribivet Inj | 75 | 205.39 | 29.61 | 175.78 | 15404.25 | 13183.5 | 2220.75 |
| 34 | Pabadin Bolus | 200 | 58.62 | 9.38 | 49.24 | 11724 | 9848 | 1876 |
| 35 | Cflox E/d | 50 | 32.63 | 3.63 | 29.01 | 1631.5 | 1450.5 | 181 |
| 36 | Ketonil 450 Ml | 100 | 114.4 | 15.6 | 98.8 | 11440 | 9880 | 1560 |
| 37 | Mifex 450 Ml | 30 | 266 | 14 | 252 | 7980 | 7560 | 420 |
| 38 | Sodium Bicarbonate | 50 | 14.85 | 0.15 | 14.7 | 742.5 | 735 | 7.5 |
| 39 | Dextrose 10% | 25 | 30.17 | 0.62 | 29.55 | 754.25 | 738.75 | 15.5 |
| 40 | Dns 500 Ml | 30 | 33.31 | 0.34 | 32.97 | 999.3 | 989.1 | 10.2 |
| 41 | Lovoferol Pet | 50 | 137.2 | 2.8 | 134.4 | 6860 | 6720 | 140 |
| 42 | Praziplus Tab | 80 | 255.2 | 34.8 | 220.4 | 20416 | 17632 | 2784 |
| 43 | Proliv Total 150ml | 100 | 75.05 | 3.95 | 71.1 | 7505 | 7110 | 395 |
| 44 | Proalben | 250 | 46.55 | 2.45 | 44.1 | 11637.5 | 11025 | 612.5 |
| 45 | Flytick F Liq | 100 | 35.1 | 3.9 | 31.2 | 3510 | 3120 | 390 |
| 46 | Sharkliver Oil | 200 | 79.21 | 9.79 | 69.42 | 15842 | 13884 | 1958 |
| 47 | Vetprofen Bolus | 100 | 80.1 | 8.9 | 71.2 | 8010 | 7120 | 890 |
| 48 | Promilk Gel | 100 | 103.2 | 16.8 | 86.40 | 10320 | 8640 | 1680 |
| 49 | Vetprofen Tab | 100 | 90 | 10 | 80 | 9000 | 8000 | 1000 |
| 50 | Proalben | 200 | 43.2 | 4.8 | 38.4 | 8640 | 7680 | 960 |
| 51 | Proalben Susp Vet | 100 | 35.10 | 3.9 | 31.2 | 3510 | 3120 | 390 |
| 52 | Veticef 400 Tab | 100 | 150.4 | 9.12 | 141.28 | 15040 | 14128 | 912 |
| 53 | Blood 200 Ml | 25 | 139.92 | 19.08 | 120.84 | 3498 | 3021 | 477 |
| 54 | Provet Genta 100m | 25 | 165.62 | 3.38 | 162.24 | 4140 | 4056 | 84 |
| 55 | Proalben 1ltr | 10 | 313.6 | 6.4 | 307.2 | 3136 | 3072 | 64 |
| 56 | Safezole 1500m | 50 | 57 | 3 | 54 | 2850 | 2700 | 150 |
| 57 | Prozole 600mg | 100 | 91 | 9 | 82 | 9100 | 8200 | 900 |
| 58 | Milkvet Tab | 80 | 78.3 | 11.7 | 66.6 | 6264 | 5328 | 936 |
| 59 | Proctive Bolus | 50 | 152 | 8 | 144 | 7600 | 7200 | 400 |
| 60 | Otrovet Forte Bolus | 80 | 99 | 11 | 88 | 7920 | 7040 | 880 |
| 61 | Histac Inj | 50 | 3.33 | 0.07 | 3.26 | 167 | 163 | 4 |
| 62 | Dispo Syn With Needle | 100 | 18.53 | 0.98 | 17.56 | 1853 | 1756 | 97 |
| 63 | Dispo Syn With Needle | 100 | 7.92 | 1.08 | 6.84 | 792 | 684 | 108 |
| 64 | Dr Doxy 300 | 80 | 147 | 3 | 144 | 11760 | 11520 | 240 |
| 65 | Notix P | 50 | 159.1 | 25.9 | 133.2 | 7955 | 6660 | 1295 |
| 66 | Worm Trap | 100 | 104.5 | 5.5 | 99 | 10450 | 9900 | 550 |
| 67 | Wocktrose 25% | 100 | 62.1 | 6.9 | 55.2 | 6210 | 5520 | 690 |
| 68 | Amprolium Powder | 40 | 243.6 | 36.4 | 207.2 | 9744 | 8288 | 1456 |
| 69 | Vermiral 30ml | 100 | 45 | 5 | 40 | 4500 | 4000 | 500 |
| 70 | Amoxirium Bolus | 50 | 47.52 | 6.48 | 41.04 | 2376 | 2052 | 324 |
| 71 | Lixen Powder | 50 | 71.19 | 7.91 | 63.28 | 3559.5 | 3164 | 395.5 |
| 72 | Amoxirum Bolus | 100 | 52.8 | 7.2 | 45.6 | 5280 | 4560 | 720 |
| 73 | Inflavet Tab | 25 | 88 | 12 | 76 | 2200 | 1900 | 300 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 74 | Intacef Inj | 100 | 42 | 7.41 | 34.59 | 4200 | 3459 | 741 |
| 75 | Water For Inj | 100 | 4.73 | 1.58 | 3.16 | 473 | 316 | 157 |
| 76 | Examination Gloves | 1 | 479.4 | 319.6 | 159.8 | 479.4 | 159.8 | 319.6 |
| 77 | Perinorm Inj | 50 | 4.94 | 0.20 | 4.75 | 247 | 237.5 | 9.5 |
| 78 | Apron L | 50 | 33.39 | 1.61 | 31.78 | 1669.5 | 1589 | 80.5 |
| 79 | Apron M | 50 | 29.7 | 0.30 | 29.4 | 1485 | 1470 | 15 |
| 80 | Xylaxin Inj | 20 | 250.26 | 7.74 | 242.52 | 5005.2 | 4850.4 | 154.8 |
| 81 | Ketamine Inj | 10 | 53.86 | 1.04 | 52.82 | 538.6 | 528.2 | 10.4 |
| 82 | Lox 2% | 10 | 29.35 | 0.3 | 29.05 | 293.5 | 290.5 | 3 |
| 83 | Neuribion Forte Inj | 25 | 12.22 | 0.12 | 12.1 | 305.5 | 302.5 | 3 |
| 84 | Polybion Amps 2 Ml | 50 | 5.99 | 0.06 | 5.93 | 299.5 | 296.5 | 3 |
| | | | | | | 5,56,445.24 | 484485.16 | 71960.08 |

സ്ഥാപനം നൽകിയിട്ടുള്ള Cash ബില്ലിൽ (Bill No. 3192/19.10.2019, 11:51:59) MRP പ്രകാരമുള്ള ആകെ തുക 6,26,347.32/- രൂപയെന്നും, Discount നിരക്ക് പ്രകാരമുള്ള നിരക്ക് 5,56,445.24/- രൂപയെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Discount ഇനത്തിൽ 69,902.08/- രൂപ നൽകിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ MRP പ്രകാരമുള്ള ആകെ തുകയായ 5,56,445.24/- രൂപയുടെ ബില്ലാണ് നൽകിയത്. ഈ ബില്ലിൽ Discount അനുവദിച്ചിട്ടില്ലാത്തതാകുന്നു. ബില്ലിൽ രേഖപ്പെടുത്തിയ Discount നൽകിയിരുന്നുവെങ്കിൽ 4,84,485.16/-രൂപയാണ് ആകെ ബിൽ തുകയായി നൽകേണ്ടിയിരുന്നത്. ഇപ്രകാരം ബിൽ പ്രകാരം ലഭിക്കേണ്ട 71,960.08/-രൂപ യുടെ Discount ലഭിച്ചിട്ടില്ലാത്തതാകുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | അളവ് | എം. ആർ. പി | ഡിസ്കൗണ്ട് | നിരക്ക് | ബിൽ പ്രകാരമുള്ള ആകെ വില | ഡിസ്കൗണ്ട് പ്രകാരമുള്ള തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | Atumin 1 Kg | 200 | 149.6 | 20.4 | 129.2 | 29920 | 25840 | 4080 |
| 2 | Dicrysticin S Inj | 75 | 49.82 | 2.62 | 47.2 | 3736.5 | 3540 | 196.5 |
| 3 | Pendistrin Inj | 200 | 23.14 | 2.01 | 21.13 | 4628 | 4226 | 402 |
| 4 | Milkmin 1 Kg | 120 | 116.2 | 23.8 | 92.4 | 13944 | 11088 | 2856 |
| 5 | Scavon Vet Cream | 100 | 48.4 | 6.6 | 41.8 | 4840 | 4180 | 660 |
| 6 | Pragma Inj | 20 | 148.5 | 16.5 | 132 | 2970 | 2640 | 330 |
| 7 | Prednisolone 10 Ml | 25 | 52.2 | 5.8 | 46.4 | 1305 | 1160 | 145 |
| 8 | Calphomin 1 Kg | 216 | 76.5 | 13.5 | 63 | 16524 | 13608 | 2916 |
| 9 | Powermin | 800 | 47.3 | 7.7 | 39.6 | 37840 | 31680 | 6160 |
| 10 | Pro Alben | 250 | 45.08 | 3.92 | 41.16 | 11270 | 10290 | 980 |
| 11 | Sharkol Syp 200 Ml | 200 | 73.87 | 15.13 | 58.74 | 14774 | 11748 | 3026 |
| 12 | Melpol Bolus | 500 | 22.77 | 2.24 | 20.54 | 11385 | 10270 | 1115 |
| 13 | Enro Bls 1.5gm | 200 | 91.14 | 6.86 | 84.28 | 18228 | 16856 | 1372 |
| 14 | Feedup Xl100ml | 25 | 331.55 | 17.45 | 314.1 | 8288.75 | 7852.5 | 436.25 |
| 15 | Spasmovet 30 Ml | 10 | 59.03 | 3.77 | 55.26 | 590.3 | 552.6 | 37.7 |
| 16 | Vetomin S Pwdr | 80 | 247 | 13 | 234 | 19760 | 18720 | 1040 |
| | | | | | | 200003.55 | 174251.1 | 25752.45 |

സ്ഥാപനം നൽകിയിട്ടുള്ള Cash ബില്ലിൽ (Bill No. 4820/25.1.2020, 10:10:02) MRP പ്രകാരമുള്ള ആകെ തുക 2,25,756/- രൂപയെന്നും, Discount നിരക്ക് പ്രകാരമുള്ള നിരക്ക് 2,00,003.55/-രൂപയെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Discount ഇനത്തിൽ 25,752.45/- രൂപ നൽകിയിട്ടുണ്ടെന്നും ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ യഥാർത്ഥത്തിൽ MRP പ്രകാരമുള്ള ആകെ തുകയായ 2,00,003.55/- രൂപയുടെ ബില്ലാണ് നൽകിയത്.ഈ ബില്ലിൽ Discount അനുവദിച്ചിട്ടില്ലാത്തതാകുന്നു. ബില്ലിൽ രേഖപ്പെടുത്തിയ Discount നൽകിയിരുന്നുവെങ്കിൽ 1,74,251.1/-രൂപയാണ് ആകെ ബിൽ തുകയായി നൽകേണ്ടിയിരുന്നത്. ഇപ്രകാരം ബിൽ പ്രകാരം ലഭിക്കേണ്ട 25,752.45/-രൂപ യുടെ Discount ലഭിച്ചിട്ടില്ലാത്തതാകുന്നു.

ക്രമ നം (A),(b) എന്നീ ഇനങ്ങളിലായി ആകെ ലഭിക്കേണ്ട Discount തുക 97,712.53/-രൂപയാണ് (71960.08 + 25752.45).ആയത് ലഭ്യമാകാത്തതിനു കാരണം വ്യക്തമാക്കുന്നതിനായി 20.12.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-24 നൽകിയിരുന്നു. ആയതിന് 21.12.2021 ൽ മറുപടി ഹാജരാക്കിയിട്ടുണ്ട്. അതിൽ, സ്ഥാപനത്തിന്റെ 'Software Error' മൂലമാണ് MRP തെറ്റായി രേഖപ്പെടുത്തിയതെന്നു വിശദീകരിച്ചിട്ടുണ്ട്.ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ടി സ്ഥാപനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ആയത് ലഭ്യമായാൽ മറുപടി ലഭ്യമാക്കുന്നതാണ് എന്നുമാണ് അറിയിച്ചിരിക്കുന്നത്.

നീതി മെഡിക്കൽസിന്റെ Cash Bill No. 1162/13.6.2019 പ്രകാരം 43,577/- രൂപയുടെ Cash Bill ൽ തെറ്റ് വന്നിട്ടില്ലാത്തതും, Discountഅനുവദിച്ചിട്ടുള്ളതാണ്. കൂടാതെ ബിൽ പരിശോധിച്ച് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിതിനുശേഷം മാത്രമാണ് അത് പാസാക്കി തുക അനുവദിക്കുന്നതു എന്നിരിക്കെ അപ്രകാരം ബിൽ പരിശോധിച്ചിട്ടുണ്ടോ എന്നറിയുന്നതിനായും ചുവടെ പറയുന്ന കാര്യങ്ങളിലും വിശദീകരണം 22.12.2021തീയതി ഓഡിറ്റ് എൻക്വയറി നം.-37 മുഖാന്തിരം തേടിയിരുന്നു.

A. ബിൽ തുക അനുവദിക്കുന്നതിനു മുമ്പ് ടി ബിൽ പരിശോധിച്ചതിന്റെ വിവരം

B. സ്ഥാപനം ഹാജരാക്കിയ ബിൽ പാസാക്കി തുക അനുവദിക്കുന്ന അവസരത്തിൽ, Discount ലഭ്യമാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നെങ്കിൽ ആയതിന്റെ വിവരം

C. അപ്രകാരമെങ്കിൽ, Discount ലഭിക്കുന്നതിനു സ്വീകരിച്ച നടപടികൾ,
കത്തിടപാടുകളുടെ പകർപ്പുകൾ എന്നിവ

D. ഓഡിറ്റ് ടീം പ്രസ്തുത അപാകത ചൂണ്ടുകാട്ടിയ അവസരത്തിലല്ലാതെ ടി അപാകത ശ്രദ്ധയിൽപെട്ടിട്ടുണ്ടെങ്കിൽ വിശദാംശം.

എന്നാൽ പ്രസ്തുത വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

2019-20സാമ്പത്തിക വർഷത്തിൽ ബിൽ പാസാക്കി തുക നൽകുകയും, ഓഡിറ്റ് വേളയിൽ Discount ലഭ്യമാകാത്ത പ്രസ്തുത അപാകത ചൂണ്ടി കാട്ടിയപ്പോൾ, അത് ബില്ലിലെ Software Error മൂലമാണ് എന്നുള്ള വിശദീകരണവും, MRPതെറ്റായി രേഖപ്പെടുത്തിയതാണ് എന്നുള്ള വാദവും അംഗീകരിക്കുവാൻ കഴിയുന്നതല്ല. ബില്ലിൽ പിശക് ഉണ്ടായിരുന്നുവെങ്കിൽ അത് അന്നു തന്നെ തിരുത്തി അതിനനുസരിച്ചുള്ള തുക മാത്രമേ അനുവദിക്കാമായിരുന്നുള്ളൂ. ആയതിനാൽ ടി മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

സ്ഥാപനത്തിന് തുക അനുവദിക്കുന്നതിനു മുമ്പ് Discount ലഭ്യമായത് സംബന്ധിച്ച് ബിൽ പരിശോധിച്ച് ബോദ്ധ്യപ്പെടാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ Cash Bill No. 4820/25.1.2020 പ്രകാരം ലഭിക്കേണ്ട Discount തുക-25,752.45/- രൂപ Cash Bill No. 3192/19.10.2019, പ്രകാരം ലഭിക്കേണ്ട Discount തുക- 71,960.08/-രൂപ ഉൾപ്പെടെ ആകെ 97,712.53/- രൂപ സ്ഥാപനത്തിന് നഷ്ടം വന്നിട്ടുണ്ട്. ടി തുക സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്. ടി വിഷയത്തിൻ മേൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കുന്നത് വരെ നഷ്ടത്തുക തടസ്സപ്പെടുത്തുന്നു.

## 1-33 ജി.എസ്.ടി. കോമ്പൻസേഷൻ -ബില്ലിൽ നിന്നും തുക പിടിച്ചിട്ടില്ല.

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി ചേർത്ത തുക കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ബില്ലിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഇപ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ നൽകുമ്പോൾ കരാറുകാരൻ ജി.എസ്.ടി. സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

| പ്രൊജക്റ്റ്, പ്രൊജക്റ്റ് നം. | കരാറുകാരൻ,<br>കരാർ നമ്പർ | അളവ് പുസ്തകം | ചെലവഴിച്ച തുക | ജി.എസ്.ടി. നൽകിയ തുക |
|---|---|---|---|---|
| ജവഹർ നഗർ നടപ്പാത കോൺക്രീറ്റിംഗ്.(123/19 | വിക്രമൻ.വി,സുകുമാരനിലയം, പ്രാവച്ചമ്പലം. | 277/18-19 | 194549/<br>6/18.10.19 | 20844.56 |
| കുട്ടവിളാകം-ഇടവഴികോൺ◌ീറ്റിംഗ്.(ട0323/20) | നീലാംബരബൻസിന്ധുഭവൻ, ആറാല്ലുംമൂട്.പി.ഒ | 15/19-20 | 135876/20<br>/18.10.19 | 14558 |
| പെരിങ്ങമ്മല- ആർ സ.എൽ.പിഎസ്.നെല്ലിവിള, കിടങ്ങിൽ റോഡ് കോൺക്രീറ്റിംഗ്(ട0335/19) | നീലാംബരൻ,സിന്ധുഭവൻ, ആറാല്ലുംമൂട്.പി.ഒ | 31/19-20 | 138057/<br>ബിൽനം-<br>39/7/11/19 | 14791/ |
| തെന്നൂർ- മേലതിൽ ഇടവഴികോൺക്രീറ്റിംഗ് (324/19) | നീലാംബരൻ,സിന്ധുഭവൻ, ആറാല്ലുംമൂട്.പി.ഒ | 38/19-20 | 84274/ബിൽ നം36/7<br>/11/19 | 9029/ |

ഓഡിറ്റ് എൻക്വയറി നം.18/12/2021ലെ 15/19-20 ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അടുത്ത വർഷം മുതലുള്ള ബില്ലുകളിൽ ഇക്കാര്യം ഉറപ്പുവരുത്തിയിട്ടുണ്ട് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. രേഖകൾ സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

## 1-34 ടെണ്ടർ കുറവ് വരുത്തിയിട്ടില്ല- നഷ്ടതുക ഓഡിറ്റ് നിർദ്ദേശപ്രകാരം തിരിച്ചടച്ചു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 344/19 |
| പ്രവൃത്തിയുടെ പേര് - | മുത്തുകുഴി ആലത്തറ ദിക്കുബലിക്കുളം കോൺക്രീറ്റ് |
| ഫണ്ടിനം - | മെയിൻറനൻസ് ഫണ്ട് |
| ആകെ അടങ്കൽ - | 100000/ |
| എഗ്രീഡ് പി എ സി- | 100000/ |
| ചെലവു തുക | -97307/ |
| ട്രഷറി ബിൽ നമ്പരും തീയതിയും - | -35/7.11.19 |
| അളവുപുസ്തക നമ്പർ | 29/29--20 |
| കരാറുകാരൻ - | ശ്രീ.നീലാംബരൻ.കെ.സിന്ധുഭവൻ. ആറാല്ലുംമൂട്. (10.6% Below) |
| പ്രവൃത്തിമൂല്യം | 86889.50 |
| കിഴിവ് വരുത്താത്തതുമൂലം ഉണ്ടായ നഷ്ടം | 10306/ |

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ എൻക്വയറിക്ക് (08/23.11.21) ക്ക് മറുപടിയായി

'ടെണ്ടർ കുറവ് വരുത്താത്തതുമൂലം പഞ്ചായത്തിന് സംഭവിച്ച നഷ്ടതുകയായ 10306/ രൂപ 20-12-2021 ന് രസീത് നം.4889521 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

## 1-35 നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തികരിക്കാൻ കഴിയാത്ത ഏതാനും പ്രവൃത്തികളുടെ വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയാണെങ്കിൽ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എൻജിനീയർ മുഖേന കാലപരിധി അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ ഇത്തരത്തിലുള്ള അപേക്ഷ സമർപ്പിക്കുകയോ പൂർത്തീകരണ കാലയളവ് അനുമതിയില്ലാതെ ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15 തസ്വഭവ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ആദ്യ മൂന്നു മാസക്കാലയളവിന് 1% നിരക്കിലും തുടർന്ന് ഓരോ മൂന്നു മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ഇപ്രകാരം കാലതാമസം വരുത്തിയതിന് പിഴ കണക്കാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 228/19-20 |
| പ്രവൃത്തിയുടെ പേര് | റീ ടാറിംഗ്,സൈഡ് വാൾ നിർമ്മാണം-പ്ളാവൂർക്കോണം-പിറച്ചൽ റോഡ് |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 5,00,000/- |
| എഗ്രീഡ് പി എ സി | 4,62,948/- |
| ചെലവു തുക | 462,741/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 02/30.04.2019,11/178,19 |
| അളവുപുസ്തക നമ്പർ | 567/18-19 |
| പൂർത്തീകരണ കാലയളവ് | സാങ്കേതികാനുമതിപത്രത്തിൽ പൂർത്തീകരണ കാലയളവ് വച്ചിട്ടില്ലാത്തതിനാൽ മാക്സിമം 4മാസം |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | തിയതി ഇല്ല.18-12-2018 (As Per Agreement). |
| പൂർത്തീയാക്കിയ തീയതി | 17.07.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 17.04/2019 |
| ആദ്യ മൂന്നു മാസത്തേയ്ക്ക് 1% നിരക്കിലെങ്കിൽ 68 ദിവസത്തേയ്ക്കുള്ള പിഴ തുക | 462741x1%=4627/ അതായത് 4627/-രൂപ |
| കരാറുകാരൻ | ശ്രീ.വിനീത്.കെ.ആർ. പ്ളാവർത്തല പുത്തൻവീട്,നെല്ലീമൂട്. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 340000 | കേദാരം നെൽകൃഷി | 93500 | 246500 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 340000 | കേദാരം നെൽകൃഷി | 0 | 340000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 108000 | കിണർ റീചാർജ് | 6480 | 101520 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 72000 | കിണർ റീചാർജ് | 4320 | 67680 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 75000 | ജൈവ സമൃദ്ധി | 0 | 75000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 75000 | ജൈവ സമൃദ്ധി | 0 | 75000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1200000 | ലൈഫ് (ജനറൽ) | 520000 | 680000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1050000 | ലൈഫ് (ജനറൽ | 552400 | 497600 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 240000 | ന്യൂ ലൈഫ് (ജനറൽ) | 80000 | 160000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 120000 | ന്യൂ ലൈഫ് (ജനറൽ) | 20000 | 100000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ന്യൂ ലൈഫ് (എസ് സി) | 40000 | 160000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | ന്യൂ ലൈഫ് (എസ് സി) | 0 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | അംഗനവാടി പോഷകാഹാരം | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 584250 | സ്നേഹ സ്പർശം | 584250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 584250 | സ്നേഹ സ്പർശം | 524049 | 60201 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പകൽവീട് | 227879 | 72121 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 39009 | പകൽവീട്(സ്പി.ഓ) | 0 | 39009 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 584250 | സ്നേഹ സ്പർശം(സ്പി.ഓ) | 88329 | 495921 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 64311 | ലൈഫ് (എസ്.സി) | 64000 | 311 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1500000 | ലൈഫ് (എസ്.സി) | 204200 | 1295800 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 633308 | ലൈഫ് (എസ്.സി)സ്പി.ഓ | 629000 | 4308 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 111000 | ലൈഫ് (എസ്.സി) സ്പി.ഓ | 111000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | 59 നം അംഗനവാടി നിർമ്മാണം | 486135 | 13865 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പകൽവീട് അറ്റകുറ്റ പ്പണികൾ | 297618 | 2382 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 50000 | ക്ഷീര സമൃദ്ധി)ജനറൽ) | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | ക്ഷീര സമൃദ്ധി)ജനറൽ) | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 49500 | ക്ഷീര സമൃദ്ധി(വനിത) | 49500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 240000 | ക്ഷീര സമൃദ്ധി(വനിത) | 150000 | 90000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി,നെയ്യാറ്റിൻകര | പൈപ്പ് ലൈൻ നീട്ടൽ(pro.235/20) | 237110 | UC ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി,പി എച്ച് ഡിവിഷൻ | പൈപ്പ് ലൈൻ നീട്ടൽ(pro.235/20) | 62000 | UC ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി,പി എച്ച് ഡിവിഷൻ | പൈപ്പ് ലൈൻ നീട്ടൽ(pro.4/20) | 240000 | UC ലഭിച്ചിട്ടില്ല | |
| കെ എസ് ഇ ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(pro.234/20) | 12611 | UC ലഭിച്ചിട്ടില്ല | |
| കെ എസ് ഇ ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(pro.141/20) | 201637 | UC ലഭിച്ചിട്ടില്ല | |
| കെ എസ് ഇ ബി | വൈദ്യുതി ലൈൻ നീട്ടൽ(pro.140/20) | 1956883 | UC ലഭിച്ചിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പാ തിരിച്ചടവ്

201-20,2020-21 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പയുടെയും വിശദ വിവരം

| വർഷം | വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2019-20 | പ്രത്യേക ഭവന പദ്ധതി | No.4495/DB,14 /lsgd,dtd 20.2.2015 | 5040000 | 10080000 | 1680000 | 1370037 | 8400000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർജാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,93,76,357.18 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 14,38,18,287.18 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,92,09,033.00 |
| നീക്കിയിരിപ്പ് | 2,46,09,254.18 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 57,27,243.53 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 32,86,841 | സെക്രട്ടറി |
| 1-26 | 1,03,900 | ഹെഡ് മാസ്റ്റർ,യു പി എസ് നേമം |
| 1-29 | 2,66,342 | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-30 | 17,62,448 | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-31 | 2,10,000 | വെറ്ററിനറി സർജൻ |
| 1-32 | 97,712.53 | വെറ്ററിനറി സർജൻ |
| ആകെ | 57,27,243.53 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസത്തിന് ഉത്തരവാദികളായവരുടെ പേരും, സ്ഥിരം മേൽവിലാസവും

| | | |
|---|---|---|
| 1 | സെക്രട്ടറി | 1. ബീന റ്റി എസ്, ആകാശ്, നീലിമ, ചിറഏറാക്കോട്, നിയർ ബഥേൽ CSIചർച്ച്, നെയ്യാറ്റിൻകര-(347313/- രൂപ)<br>2. ജോസഫ് ബിജു, പാവറ ഹൌസ്, |

| | | |
|---|---|---|
| | | ഉച്ചക്കട.പി ഒ-695506 (1933418/- രൂപ) |
| 2 | ഹെഡ് മാസ്റ്റർ, യു പി എസ് നേമം | ശ്രീ.ജയചന്ദ്രൻ, ശ്രീശൈലം, കെ എആർ എ-3, കരിമൻകുളം റോഡ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| 3 | മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോയസുനിത വിൽസ്, ബഥേൽ, ലൂയിസ് കോമ്പൌണ്ട്, വങ്കാട്,തിരുമല |
| 4 | വെറ്ററിനറി സർജൻ | പ്രീതി പി ആർ, എ ഇ, 48, പ്രസാദം, ചീലപ്പാറ ,പേയാട് പി ഒ-695573 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 13 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 8 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 4 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 6 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 6 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 1 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 8 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018 തീയതി.25.05.2018 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1081/2016 തീയതി.29.06.2016 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/2013/2016 തീയതി.09.02.2016 | 11 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1782/2017 തീയതി.23.08.2017 | 25 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/224/2019 തീയതി.25.04.2019 | 22 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/327/2020 തീയതി.02.06.2020 | 36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാ ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്